# സ്നേഹവചനം

2017 October

Vol. 5 / Issue 10/ Pages 6

offering voice to the voiceless


Published From Kottayam 01-10-2017/ RNI KERMAL 2013/49036/Annual Subscription Rs. 150, Per Copy Rs. 10




എന്റെ ജീവിതം
എന്റെ സന്ദേശം

പേജ് –5

## വിദ്യാഭ്യാസ രംഗത്ത് ക്രൈസ്തവരുടെ പങ്ക് പ്രശംസനീയം രാഷ്ട്രപതി



ന്യൂഡൽഹി:വിദ്യാഭ്യാസ രംഗത്ത് ക്രൈസ്തവരുടെ പങ്ക് പ്രശംസനീയമെന്ന് രാഷ്ട്രപതി രാംനാഥ് കോവിന്ദ്. ഡൽഹിയിൽ ജീസസ് ആൻഡ് മേരി കോളെജിന്റെ ഗോൾഡൻ ജൂബിലി ആഘോഷങ്ങളുടെ ഉത്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യയിൽ ക്രൈസ്തവ സമൂഹത്തിന്റെ ചരിത്രം 2,000 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. നമ്മുടെ കൂട്ടായ സംസ്കാരത്തിന് വളരെയധികം സംഭാവനകൾ നൽകിയ ക്രൈസ്തവ സമൂഹം വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനു വഹിച്ച പങ്ക് പ്രശംസനീയമാണ്. ഇത് വളരെ ഉചിതമാണ്. നമ്മുടെ മനസിനെ ഉണർത്തുന്നതാണ് വിദ്യാഭ്യാസത്തിന്റെ കടമ. നമ്മുടെ വിശ്വാസവും വ്യക്തിത്വവും കണക്കിലെടുക്കാതെ വിദ്യാഭ്യാസ വേല യഥാർത്ഥത്തിൽ ദൈവത്തിന്റെ വേലയാണ്.

## ബൈക്കിൽ ബസിടിച്ച് യുവതി മരിച്ചു



തിരുവനന്തപുരം: ബൈക്കിൽ കെഎസ്ആർടിസി ബസിടിച്ച് കണ്ണറവിള എ.ജി സഭാംഗം, ആർ. കെ ഭവനിൽ ഐ എസ് ആർഒ ജീവനക്കാരൻ ബിപിൻ കെ. റോബിന്റെ ഭാര്യ രേഷ്മ(23) മരിച്ചു. സെപ്റ്റംബർ 15 ഉച്ചയോടെ നെയ്യാറ്റിൻ കരയ്ക്കു സമീപമായിരുന്നു സംഭവം. ബിപിൻ ഓടിച്ചിരുന്ന ബൈക്കിനു പിറകിലാണ് ബസ് തട്ടിയത്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോസ്റ്റുമാർട്ടത്തിനു ശേഷം രേഷ്മയുടെ വീടായ കണ്ണറവിളയിൽ മൃതദേഹം സംസ്കരിച്ചു. കഴിഞ്ഞ ഏപ്രിലിൽ ആയിരുന്ന ഇവരുടെ വിവാഹം സുരേഷ് ഹെക്സിബ ദമ്പതികളുടെ മകളാണ് രേഷ്മ. ആശിഷ് ആണ് സഹോദരൻ.

### വായനക്കാരുടെ ശ്രദ്ധയ്ക്ക്

**വരിസംഖ്യ അടയ്ക്കുവാൻ**



**ബാങ്ക് അക്കൗണ്ട് :**
Sunny M.Jacob
SBI Vannapuram(branch)
A/c-67055532401
IFC-SBIN 0070618

**M.O.അയക്കുന്നവർ:**
Snehavachanam
Pulickalkavala.P.O
Kottayam-686515

വാർഷിക വരിസംഖ്യ–150 രൂപ
ആയുഷ്ക്കാല വരിസംഖ്യ–1000 രൂപ

### നബീൽ ഖുറേഷി യാത്രയായി



ആരുമായിക്കൊള്ളട്ടെ, ഒരു സംവാദത്തിൽ തങ്ങൾ ഏർപ്പെടുമ്പോൾ അത് സ്നേഹത്തിൽ നിന്നും മാത്രമേ ഉത്ഭവിക്കാവൂ! 5

### ആദ്യാക്ഷരം

കുട്ടിയുടെ കൈ പിടിച്ച് ദൈവം ഏകൻ തന്നെ എന്ന് എഴുതിക്കുകയും അത് നാവുകൊണ്ട് രുചിക്കുവാൻ നൽകുകയും ചെയ്യുന്നു



### ഭാവികാല സംഭവങ്ങൾ

അനുഗ്രഹിക്കപ്പെട്ട നിത്യതയ്ക്കുവേണ്ടി ഒരുങ്ങുക എന്നതാണ്, നിത്യത ഉറപ്പാക്കുക എന്നതാണ് നാം ഇപ്പോൾ ചെയ്യേണ്ടത്...



# ലോകാവസാന പ്രവചനങ്ങൾ ആവർത്തിക്കപ്പെടുന്നു

**സണ്ണി എം ജേക്കബ്, തൊടുപുഴ**

2017 സെപ്റ്റംബർ 23 'ലോകാവസാനം' എന്ന വിധത്തിൽ ബൈബിളിനെ മറപിടിച്ച് സമൂഹമാധ്യമങ്ങളിൽ തെറ്റായ പ്രവചനങ്ങൾ നടത്തിയവരെ കാലംവീണ്ടും ചതിച്ചു. 23ന് ലോകാവസാനമെന്ന വാർത്തയാണ് സോഷ്യൽ മീഡിയ ആഘോഷിച്ചത്. ബൈബിളിലെ വെളിപ്പാട് പുസ്തകം 12ലെ സംഭവങ്ങളെ കോർത്തിണക്കി ചില തെറ്റായ കണക്കുകൂട്ടലുകളും പ്രവചനങ്ങളുടെയും അടിസ്ഥാനത്തിലാണ് ഇത്തരമൊരു വാർത്ത സൃഷ്ടിക്കപ്പെട്ടത്.

സെപ്റ്റംബർ 23ന് ലോകം അവസാനിക്കും എന്നായിരുന്നു സമൂഹമാധ്യമങ്ങളിൽ



Sneha vachanam news

> 'കണക്ക്കൂട്ടിയതിൽ തെറ്റിപ്പോയതാണെന്നും ഒക്ടോബർ 21 ന് ലോകാവസാനിക്കുമെന്ന് പുതിയ വെളിപ്പെടുത്തൽ...'

പ്രത്യക്ഷപ്പെട്ട ലോകാവസാന വാർത്ത. അന്നേ ദിവസം ഒരു ഗ്രഹത്തിന്റെ വായു പ്രകംമ്പനത്തിന് ഭൂമി ഇരയാകുമെന്നും ഈ പ്രകംമ്പനത്തിൽ കടൽജലം

പേജ് –5

# പെന്തെക്കോസ്തു സഭകളുടെ ഐക്യസംഘടനകൾ ഒന്നിക്കുന്നു

Sneha vachanam news



## ചരിത്രപരമായ കാൽവയ്പ്പെന്ന് പെന്തെക്കോസ്ത് സമൂഹം, സ്വാഗതം ചെയ്ത് വിശ്വാസികളും നേതാക്കളും

കോട്ടയം: ഇന്ത്യയിലെ പെന്തെക്കോസ്തു സഭകളുടെ ഐക്യതയ്ക്ക് വേണ്ടി നിലകൊള്ളുന്ന പെന്തെക്കോസ്തു സംഘടനകളും നേതൃത്വങ്ങളും ഒരുമിച്ച് നിൽക്കുവാൻ കഴിഞ്ഞ ദിവസം കോട്ടയം റ്റി.ബിയിൽ കൂടിയ നേതൃത്വ യോഗത്തിൽ തീരുമാനമായി. ഈ നൂറ്റാണ്ടിൽ അധികമായി പ്രവർത്തിച്ചു വരുന്ന പെന്തക്കോസ്തു സഭകളും,ദൈവദാസന്മാരും നേരിടുന്ന വിവിധമായ വെല്ലുവിളികളും, ഉപദ്രവങ്ങളും,സാമൂഹ്യ പ്രശ്നങ്ങളും വിലയിരുത്തി നമ്മുടെ കേന്ദ്ര, സംസ്ഥാന സർക്കരിന്റെ ശ്രദ്ധയിൽ ഇവ ബോധ്യപ്പെടുത്തുവാനും നേതൃത്വങ്ങൾ ഐക്യകണ്ഠേന തീരുമാനിച്ചു. പ്രസ്തുത മീറ്റിംഗിന് പാസ്റ്റർ ജോയി മാത്യു നേതൃത്വം നൽകുകയും ബ്രദർ ഗ്ലാഡ്സൺ ജേക്കബ് അദ്ധ്യക്ഷത വഹിക്കുകയും പാസ്റ്റർമാരായ ജോൺസൺ ലോപ്പസ്, ഗ്ലാഡ്സൺ.ടി, വിൽസകുമാർ, ബ്രദർ.ബാബു പറയത്തുകാട്ടിൽ എന്നിവർ പ്രസംഗിച്ചു.

ഈ ഐക്യസംഘടനയുടെ കൺവീനർമാരായി പാസ്റ്റർ സാംകുട്ടി നിലമ്പൂർ, പാസ്റ്റർ ജോയി മാത്യു, പാസ്റ്റർ മേശക്ക്,പാസ്റ്റർ ചെറിയാൻ കുരുവിള, പാസ്റ്റർ സാം.ഡി, ബ്ര ദർ ബാബു പറയത്ത്കാട്ടിൽ, ബ്രദർ ഗ്ലാഡ്സൺ ജേക്കബ്, പാസ്റ്റർ വിൽസകുമാർ, പാസ്റ്റർ ഗ്ലാഡ്സൺ. റ്റി എന്നിവരെ തിരഞ്ഞെടുത്തു.

കാലാകാലങ്ങളായി പെന്തെക്കോസ്തു ഐക്യം എന്ന വിഷയം ചർച്ചയ്ക്ക് വന്നിട്ടുണ്ടെങ്കിലും ഇത് ആദ്യമായിട്ടാണ് ഇത്രയധികം പെന്തെക്കോസ്ത് ഐക്യ സംഘടനകളും നേതാക്കന്മാരും പ്രസ്തുത ലക്ഷ്യവുമായി മുന്നോട്ടുവന്നത്. ഭാരതമൊട്ടാകെ പെന്തെക്കോസ്തു വിഭാഗം നേരിടുന്ന പ്രശനങ്ങളും അവഗണകനകളും വർദ്ധിച്ചു വരുന്ന ഇന്നത്തെ സാഹചര്യത്തിൽ പെന്തെക്കോ സ്തു ഐ ക്യത്തിനു പ്ര സക്തിയേറുന്നു. ആദ്യ ആ ലോചനായോഗം വിവിധ സംഘടനകളുടെ നേതാക്കന്മാരു ടെയും പ്രതിനിധികളുടെയും സഹകരണം കൊണ്ട് ശ്രദ്ധേയമായിരുന്നുവെന്നും ഇത് ഒരു വലിയ മാറ്റത്തിനു വഴിയൊരുക്കുമെന്നും കൂടുതൽ ദൈവദാസന്മാരും പ്രസ്ഥാനങ്ങളും വരും യോഗങ്ങളിൽ സം ബന്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്നും പാസ്റ്റർ ജോയി മാത്യു സ്നേഹവചനത്തോടു പറഞ്ഞു.

**അറിയിപ്പ്**

അടുത്ത മീറ്റിംഗ് കോട്ടയം റ്റി. ബി യിൽ ഒക്ടോബർ 23ന് നടക്കുന്നു.പങ്കെടുക്കുവാൻ താൽപര്യമുള്ള പെന്തെക്കോസ്തു സംഘടനകൾ ബന്ധപ്പെടുക.
ഫോൺ:
9961510211, 9846290770, 9447759873


ന്യൂഡൽഹി: 2016 മാർച്ച് നാലിന് തെക്കെ യെമനിലെ ഏഡനിൽ നിന്ന് ഭീകരർ തട്ടിക്കൊണ്ടുപോയ പാലാ രാമപുരം സ്വദേശി ഫാ:ടോം ഉഴുന്നാലിന് 2017 സെപ്റ്റംബർ 27 ന് മോചനം. ഒമാൻ സുൽത്താൻ ഖാബൂസ് ബിൻ സെയിദ് അൽ സെയ്ദിന്റെ നിർദ്ദേശനുസരണം യമനിലുള്ളവരുമായി ചേർന്നുള്ള ഇടപെടലിലൂടെയാണ് ഉഴുന്നാലിനെ മോചിപ്പിച്ചതെന്ന് ഒമാൻ സർക്കാർ വ്യക്തമാക്കി. കഴിഞ്ഞ വർഷം മാർച്ച് നാലിന് മദർതെരേസ രൂപംകൊടുത്ത 'ഉപവിയുടെ സഹോദരിമാർ'(മിഷ്നറീസ് ഓഫ് ചാരിറ്റി)എന്ന വൃദ്ധസദനം ഏഡനിൽ നിന്ന് ഇസ്ലാമിക് സ്റ്റേറ്റ് ഭീകരർ ആക്രമിക്കുകയും നാലു കന്യാസ്ത്രീകളെയും നിരവധി അന്തേവാസികളെ വധിക്കുകയും സലേഷ്യൻ സഭാംഗമായ ഫാ.ടോം ഉഴുന്നാലിനെ തട്ടിക്കൊണ്ടു പോകുകയും ചെയ്തു. എൺപതുപേർ താമസിക്കുന്ന വൃദ്ധസദനത്തിൽ രാവിലെ എട്ടരയോടെയാണ് ആക്രമണം ഉണ്ടായത്.



ഫാ.:ടോം ഉഴുന്നാൽ

# മോചിപ്പിച്ചു

ന്യൂഡൽഹി:ഹരിയാനയിലെ ബഹദൂർഗഡിൽ നിന്നും തട്ടിക്കൊണ്ടുപോയ മലയാളി വിദ്യാർത്ഥിയെ മോചിപ്പിച്ചു. സെപ്റ്റംബർ 25ന് കോളജിൽ നിന്നു മടങ്ങിവരുന്ന വഴിയാണ് ഒരുസംഘം അഭിഷേകിനെ തട്ടിക്കൊണ്ടുപോയത്. പത്തനംതിട്ട മല്ലിശ്ശേരി സ്വദേശിയും ഐപിസി ശുശ്രൂഷകനുമായ പാസ്റ്റർ സേവ്യർ മാത്യുവിന്റെ മകനാണ് അഭിഷേക്. അഭിഷേകിനെ തട്ടിക്കൊണ്ടുപോയ സംഘം മോചന ദ്രവ്യമായി 75ലക്ഷം രൂപയാണ് ആവശ്യപ്പെട്ടത്. ഹരിയാനയിലെ ജ ജ്ജറിലെ ബഹരി ഗ്രാമത്തിൽ ചോളപ്പാടത്തിനടുത്തുള്ള വീട്ടിൽ പാർപ്പിച്ചിരിക്കുകയായിരുന്നു.



അഭിഷേക് സേവ്യർ

മോചനദ്രവ്യമായി ആവശ്യപ്പെട്ട പണം നൽകാമെന്നു പറഞ്ഞ് അഭിഷേകിന്റെ ബന്ധുക്കളെ സംഘത്തിനടുത്തേക്ക് അയയ്ക്കുകയായിരുന്നു. ചോളപ്പാടത്തിനടുത്ത് അഭിഷേകിനെ പാർപ്പിച്ചിരിക്കുന്ന വീട്ടിലേക്ക് പണം അടങ്ങിയ ബാഗ് എറിഞ്ഞു നൽകാൻ അക്രമികൾ ആവശ്യപ്പെട്ടു. പോലീസാണ് ബാഗ് എറിഞ്ഞത്. ഇതെടുക്കുവാൻ പുറത്തിറങ്ങിയ സംഘവുമായി പോലീസ് ഏറ്റുമുട്ടി.ഏറ്റുമുട്ടലിൽ കോൺസ്റ്റബിൾ രവീന്ദറിനു ഗുരുതരമായി പരിക്കേറ്റു.

തന്നെതട്ടിക്കൊണ്ടു പോയത് അയൽവാസികളാണെന്നും ഹരിയാന പോലിസിന്റെ ശക്തമായ നീക്കങ്ങളിലൂടെ അഭിഷേകിനെ അതിവിദഗ്ദ്ധമായി രക്ഷിക്കുകയായിരുന്നു. അഭിഷേകിന്റെ വിടുതലിനായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത എല്ലാവരോടും നന്ദിഅറിയിക്കുന്നതായും അഭിഷേകിന്റെ പിതാവ് പാസ്റ്റർ സേവ്യർ മാത്യു പറഞ്ഞു. രാജ്യ സഭാ ഡപ്യൂട്ടി ചെയർമാൻ പി. ജെ കുര്യന്റെ ആവശ്യപ്രകാരം അന്വേഷണം ഊർജ്ജിതപ്പെടുത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിംങ് നിർദേശം നൽകിയിരുന്നു. കേന്ദ്ര ടൂറിസം സഹമന്ത്രി അൽഫോൺസ് കണ്ണന്താനം ഹരിയാന മുഖ്യമന്ത്രി മനോഹർലാൽ ഖട്ടറുമായി ബന്ധപ്പെടുകയും ചെയ്തിരുന്നു.



പാസ്റ്റർ രാധാകൃഷ്ണൻ
ന്യൂഡൽഹി, സ്നേഹവചനം

# 500 വർഷം തികയുന്ന ഒക്ടോബർ 31

1517 ഒകടോബർ 31, കത്തോലിക്കാ സഭയിൽ നവീകരണത്തിന്റെ കൊടുങ്കാറ്റാകുവാൻ ദൈവം തിരഞ്ഞെടുത്ത മനുഷ്യൻ മാർട്ടിൽ ലൂഥർ, ജർമ്മനിയിലെ വിറ്റൻബർഗ് കത്തീഡ്രൽ ദേവാലയത്തിന്റെ പടിവാതിൽക്കൽ കത്തോലിക്കാ സഭയ്ക്കും പോപ്പിനും എതിരായി 95 കുറ്റസംഗതികൾ എഴുതി ആ ണിയടിച്ച് ഒരു നവോത്ഥാനത്തിനും തുടക്കംകുറിച്ച് ലോക ചരിത്രത്തെ മാറ്റിമറിച്ച വർഷം!! കത്തോലിക്കാസഭയിലെ അഗസ്റ്റീനിയൻ സന്യാസ സമൂഹത്തിലൂടെ വൈദികനും വിറ്റൻവർഗ്ഗ് യൂണിവേഴ്സി



റ്റിയിലെ ദൈവശാസ്ത്ര അധ്യാപകനുമായ മാർട്ടിൻലൂഥർ എന്ന മുപ്പത്തിനാലുകാരൻ അന്ന് വിറ്റൻബർഗ് ദേവാലയത്തിലെ വൈദികനായിരുന്നു. പാപമോചനച്ചീട്ട് വി ല്പന വചന വിരുദ്ധമാണെന്നും യേശുക്രിസ്തുവിന്റെ രക്തത്തിലൂടെയല്ലാതെ ആരും രക്ഷിക്കപ്പെടുകയില്ലെന്ന് ബോധ്യമുണ്ടായിരുന്ന ലൂഥർ താൻകൂടെ ഉൾപ്പെട്ടു നില്ക്കുന്ന കത്തോലിക്കാ സഭയുടെയും പോപ്പിന്റെയും ദുരുപദേശങ്ങൾക്കെതിരെ ശബ്ദമുയർത്തി. 95 കുറ്റസംഗതികൾ രേഖയാക്കി വിറ്റൻബർഗ്ഗ് ദേവാലയത്തിന്റെ വാതിക്കൽ ലൂഥർ ആണിയടിച്ചുറപ്പിച്ചു.

സഭയുടെ അധികാര കേന്ദ്രങ്ങൾ ക്കെതിരെയുള്ള പരസ്യമായ വെല്ലുവിളിയും നവീകരണത്തിനുള്ള ആഹ്വാനവും കൂടിയായിരുന്നു ആ കുറിപ്പ്. മാർട്ടിൽ ലൂഥർ മുന്നോട്ടുവച്ച ആശയങ്ങളെ ജർമ്മൻ ജനത അംഗീകരിച്ചു. വലിയൊരു മുന്നേറ്റമായി മാറിയ ഈ നവീകരണ പ്രസ്ഥാനം കത്തോലിക്കാ സഭയുടെ ശക്തി കേന്ദ്രങ്ങളിൽ വിള്ളൽ വീഴ്ത്തിക്കൊണ്ട് യൂറോപ്പിലാകമാനം കൊടുംങ്കാറ്റായി മാറി.

പിൽക്കാലത്ത് ലോകചരിത്രത്തിന്റെ തന്നെ ഗതി മാറ്റി മറിക്കപ്പെട്ടു. പ്രൊട്ടസ്റ്റന്റ് നവീകരണ സഭകളുടെ ആവിർഭാവം, വേദപുസ്തക പരിഭാഷകൾ, അച്ചടി, വ്യാവസായിക വിപ്ലവം, മിഷ്നറി പ്ര സ്ഥാനങ്ങൾ തുടങ്ങിയവയുടെയെല്ലാം തുടർ കാരണമായി മാറിയത് മാർട്ടിൻ ലൂഥറിന്റെ വിപ്ലവകരമായ ഈ നീക്കങ്ങൾക്ക് 2017 ഒക്ടോബർ 31 ന് 500 വർഷം തികഞ്ഞു

സ്നേഹവചനം വാട്സാപിൽ ലഭിക്കുവാൻ 9656571354

**സ്നേഹവചനം**

ഒക്ടോബർ 2017

# ഐക്യം സാധ്യമോ

കാലാകാലങ്ങളിൽ ചർച്ചചെയ്യപ്പെട്ടിട്ടുള്ളതും പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതും അടുക്കുന്തോറും സങ്കീർണ്ണത വർദ്ധിക്കുകയും ചെയ്യുന്ന ഒരു വിഷയമാണ് പെന്തെക്കോസ്ത് ഐക്യം എന്നുള്ളത്. അതിനു മുന്നിട്ടിറങ്ങിയിട്ടുള്ളവരിൽ പലരും പല തെറ്റിദ്ധാരണകളുടെ പേരിലും രാഷ്ട്രീയ ഇരകൾ ആക്കപ്പെടുന്നതിലൂടെയും പലപ്പോഴും ഉദ്യമങ്ങൾ അവസാനിപ്പിച്ച ചരിത്രങ്ങളാണ് നമുക്ക് മുമ്പിലുള്ളത്. എന്തുകൊണ്ടാണ് പെന്തെക്കോസ്ത് ഐക്യം സാധ്യമല്ലാത്തത്.എന്ന ചോദിച്ചാൽ വ്യക്തമായി നിർവചനം നൽകാൻ പറ്റാത്ത, ലോകത്തിലെ ഏറ്റവും വലിയ ചോദ്യമായിരിക്കും അത്. പല പ്രസ്ഥാനങ്ങളുടെ കീഴിലും വ്യക്തികളുടെ നേതൃത്വത്തിലും ആരോഗ്യകരമായ ഒരു മുന്നേറ്റത്തിലൂടെ പെന്തെക്കോസ്തിന് ശക്തമായ വേരോട്ടം നടത്തുവാൻ കഴിഞ്ഞു എന്നത് തർക്കമറ്റ സംഗതിയാണ്. വളരുന്നതിന് അനുസരിച്ചുള്ള പിളർപ്പുകൾ ഒരു പരിധിവരെ കഠിനമായ പലമേഖലകളും കയ്യടക്കാൻ കഴിഞ്ഞുവെങ്കിലും കാലാന്തരത്തിൽ മത്സരം കടുത്തതായി മാറിയപ്പോൾ അതിന്റെ രൂപവും ഭാവവുമൊക്കെ മാറിപ്പോയി. കുമിഞ്ഞുകൂടിയ സമ്പത്തിനൊപ്പം അധികാരവും കൈപ്പിടിയിലായപ്പോൾ അതിർവിസ്താരമാക്കി, അനർത്ഥം വ്യസനകാരണമാകാതെ സ്വയം സംരക്ഷിക്കാൻ പ്രാപ്തരായപ്പോൾ സ്വന്തശക്തിയിൽ ധൈര്യവും ആത്മവിശ്വാസവും കൈവന്നു.

വരും കാലങ്ങളിൽ അധികാരം നഷ്ടമാകാതെയും സമ്പത്തിന് കുറവ് സംഭവിക്കാതെയും പിടിച്ചു നിൽക്കേണ്ടതിന് ഗ്രൂപ്പുകളും വ്യത്യസ്തയും സൃഷ്ടിച്ചു. അതിന്റെ ഭാഗമായി താഴെക്കിടയിലുള്ള വിശ്വാസികളെ ഭിന്നിപ്പിക്കാൻ പുതിയ വഴികൾ കണ്ടെത്തി. അതിന് പല പേരുകൾ നൽകി.

അധികാരമാണ് എല്ലാ ഐക്യധാരണകൾക്കും അഭിപ്രായ സമന്വയത്തിനും തടസം നിൽക്കുന്നതിൽ പ്രമുഖ സ്ഥാനം വഹിക്കുന്ന വിഷയം. ഐക്യചർച്ച നടത്തുമ്പോഴും അതിൽ എന്റെ കസേര ഏതാണെന്നതായിരിക്കും പലരെയും വേട്ടയാടുന്ന ചിന്ത. ഇതു വിജയിച്ചാൽ എന്റെ കസേര തെറിക്കും എന്നു ചിന്തിച്ച് സ്നേഹത്തോടെ പലതിനെയും ഇല്ലായ്മ ചെയ്യുന്നവരും കുറവല്ല.

> **ഐക്യചർച്ച നടത്തുമ്പോളും അതിൽ എന്റെ കസേര ഏതാണെന്നതായിരിക്കും പലരെയും വേട്ടയാടുന്ന ചിന്ത. ഇതു വിജയിച്ചാൽ എന്റെ കസേര തെറിക്കും എന്നു ചിന്തിച്ച് സ്നേഹത്തോടെ പലതിനെയും ഇല്ലായ്മ ചെയ്യുന്നവരും കുറവല്ല...**

കാലഘട്ടം ഇത്രയേറെ മുമ്പോട്ടു പോയിട്ടും ക്രിസ്തുവിന്റെ സ്നേഹം പ്രസംഗിച്ചിട്ടും ഒരുമിച്ചിരുന്നു വിട്ടുവീഴ്ചയോടെയും സൗമ്യതയോടും സംസാരിക്കുവൻ പോലും പലർക്കും കഴിയുന്നില്ല എന്നതും ശ്രദ്ധേയമാണ്.

ഐക്യവും സാഹോദര്യവും ഏറ്റവും കൂടുതൽ ഊട്ടിപ്പുറപ്പിക്കേണ്ട സാഹചര്യങ്ങളിൽക്കൂടിയാണ് പെന്തെക്കോസ്തു സമൂഹം കടന്നു പോകുന്നത് എന്നതിനെ അവഗണിക്കരുത്.

എന്നാൽ ഇതൊക്കൊ നടക്കുമോ എന്ന സ്ഥായിയായ ചോദ്യത്തിലൂടെയാണ് ഇത്തരം വിഷയങ്ങളെ നാം സമീപിക്കുന്നത്. കാര്യങ്ങൾ നടക്കും എന്ന ഉറച്ച തീരുമാനവും അത് നടപ്പിലാക്കുവാനുള്ള നിശ്ചയദാർഢ്യവുമാണ് അനിവാര്യം.

നമ്മുടെ മനോഭാവങ്ങളിലാണ് മാറ്റമുണ്ടാകേണ്ടത്. ഇങ്ങിനെയുള്ള കാര്യങ്ങളിൽ ക്രിയാത്മകമായ നിലപാടുകൾ സ്വീകരിക്കുവാൻ നേതാക്കന്മാർ അണികൾക്ക് പ്രോത്സാഹനം നൽകുകയും ചില കാര്യങ്ങളിൽ നേതൃത്വം വിട്ടുവീഴ്ചകൾക്ക് തയ്യാറാകുകയും ചെയ്യണം. ഒരു വ്യക്തിയാൽ സംഭവിക്കുന്ന ഒരു അത്ഭുതമല്ല 'ഐക്യം' എന്ന യാഥാർത്ഥ്യം. അത് സാധ്യമാകണമെങ്കിൽ നിരവധി മതിലുകൾ പൊളിച്ചു നീക്കുകയും പല കടമ്പകൾ കടക്കുകയും വേണം.

പെന്തെക്കോസ്ത് ഐക്യം ഈ തലമുറയിലെങ്കിലും ഒരു മരീചികയായി ശേഷിക്കരുത്. കഠിന പ്രയതത്നവും വ്യക്തിപരമായ തീരുമാനവുമാണ് ഇവിടെ പ്രസ്ക്തം. മാധ്യമങ്ങൾക്കും പ്രതീകാത്മകമായ പിന്തുണ നൽകേണ്ടത് അനിവാര്യമാണ്.

# ഒരുനല്ല ദൃശ്യം

> **സംഭാഷണങ്ങളിൽ വേദനയുടെയോ ആക്ഷേപത്തിന്റെയോ ലാഞ്ചന മനസിനെമുറിപ്പെടുത്തിയാലും ഒരു നല്ല കൂട്ടുകാരനായി കാണുവാൻ ശ്രമിക്കുക....**

ഷാജി വാഴൂർ
9656571354



പ്രകൃതിയൊരുക്കിയ സ്റ്റേജിൽ ഒരു പ്രാവശ്യം മാത്രം അഭിനയിച്ചു തീർക്കാൻ വിധിക്കപ്പെട്ട അഥവാ നിയോഗിക്കപ്പെട്ട ഒന്നാണ് ജീവിതമെന്ന് പറയേണ്ടിയിരിക്കുന്നു. ഈ വലിയ നാടകത്തിൽ ഓരോരുത്തർക്കും വ്യത്യസ്ഥ റോളുകൾ നൽകിയിരിക്കുന്നു. റിഹേഴ്സലോ എഴുതിവായിച്ചു കേൾക്കാൻ വാക്കുകളോ ഇല്ലാത്ത ഒരു വ്യത്യസ്ഥമായ അഭിനയം!

ഒരിക്കൽ കർട്ടൻ ഉയർന്നാൽ കഥാപാത്രത്തിന്റെ ശ്വാസം നിലയ്ക്കുമ്പോൾ മാത്രം കർട്ടൻ താഴ്ത്തുന്ന അഥവാ ആ കഥാപാത്രത്തിന്റെ റോൾ അവസാനിക്കുന്ന വിചിത്രമായ അഭിനയം. ഇതിൽ കണ്ണീരും സന്തോഷവും പരിഹാസവും സങ്കടവും ദോഷ്യവും പരിഭവവും എല്ലാം അടങ്ങിയിരിക്കുന്നു. എഴുതപ്പെട്ട ഡയലോഗുകളില്ലാത്തതിനാൽ ആലോചിച്ച് വളരെ ശ്രദ്ധയോടെ ഡയലോഗുകൾ ഉരിവിടേണ്ടതാണ്. കൈവിട്ട കല്ലും പറഞ്ഞുപോയ വാക്കും തിരികെയെടുക്കാൻ സാധ്യമല്ലാത്തതിനാൽ ഓരോ കഥാപാത്രവും പറയുന്ന വാക്കുകൾ സൂക്ഷിച്ചുപയോഗിച്ചില്ലെങ്കിൽ അത് ആ കഥാപാത്രത്തിന്റെ ഭാവിമാത്രമല്ല തകർത്തുകളയുന്നത് കൂടെ അഭിനയിക്കുന്നവരുടെയും ഭാവിയെ തകർത്തുകളയുകയും അടുത്ത ഡയലോഗ് എന്തു പറയണമെന്ന അനിശ്ചിതത്വം മറ്റുള്ളവർക്കു സൃഷ്ടിക്കുകയും ചെയ്യുന്നു.

പല വേദികളിലാണ് അഭിനയം നടക്കുന്നത്. ചിലരുടെ കഥാപാത്രങ്ങൾ രാഷ്ട്രീയ മാകുന്ന വേദിയിൽ ആകുമ്പോൾ മറ്റുള്ളരുടെ ആത്മീയ വേദികളിൽ പിന്നെയും ചിലരുടെ വേദി മറ്റു പല മേഖലകളായി തരംതിരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ വിവിധ വേദികളിൽ കഥാപാത്രങ്ങളായി മാറുന്നവർ ഒരുമിച്ച് കഥാപാത്രങ്ങൾക്ക് രൂപവും ഭാവവും നിറവും നൽകുന്ന മറ്റൊരു വേദിയാണ് കുടുംബം എന്ന വേദി. ഇവിടെ എല്ലാവരും അവരവരുടെ റോളുകൾ മനോഹരമായി അവതരിപ്പിക്കാൻ പരാജയപ്പെട്ടാൽ മറ്റുവേദികളിലെല്ലാം പരാജയപ്പെടും. മറ്റുവേദികളിൽ ജയത്തിനുവേണ്ടിയോ പദവികൾക്കുവേണ്ടിയോ മത്സരിച്ചഭിനയിക്കുമ്പോൾ കുടുംബമെന്ന വേദിയിൽ മത്സരമില്ല പകരം സഹകരണമാണ് പ്രകടിപ്പിക്കപ്പെടേണ്ടത്. മറ്റു വേദികളിൽ മത്സരിച്ചഭിനയിച്ചാൽ ഒരു പക്ഷേ അഭിനയത്തിന്റെ ഉയർന്ന പദവികളോ അവാർഡോ ലഭിക്കുമെങ്കിൽ കുടുംബം എന്ന വേദിയിൽ ഓരോ വ്യക്തികൾക്കും മുൻകൂട്ടി നിശ്ചയിക്കപ്പെട്ട കഥാപാത്രങ്ങളാണ് നൽകപ്പെട്ടിരിക്കുന്നത്. മറ്റെല്ലാ വേദികളിലും ദൃശ്യമാകുന്നതിനേക്കാൾ കൂടുതൽ സങ്കടവും സന്തോഷവും പരിഭവങ്ങളും പരിഹാരങ്ങളും കണ്ണീരും ആശ്വസിപ്പിക്കലും സന്തോഷവും ഈ വേദിയിലുണ്ട്. കഥാപാത്രങ്ങൾ അവരവരുടെ റോൾ പൂർത്തിയാക്കി യവനികയ്ക്കുള്ളിൽ മറയുകയോ അവസാന ബെല്ലിനു മുമ്പ് വേദിയിൽ വീണ് നിശ്ബമാകുകയോ ചെയ്യുന്നതുവരെ കരളലിയിപ്പിക്കുന്ന, കണ്ണു നിറയിക്കുന്ന ഇഴയടുപ്പമാണ് കഥാപാത്രങ്ങൾ തമ്മിലുള്ളത്.

സംഭാഷണങ്ങൾ തെറ്റുമ്പോഴും കണ്ണീരിന്റെ ദൈർഘ്യം കൂടുമ്പോഴും കാണികൾ ഇടപെടുമെന്നുള്ളത് കുടുംബമെന്ന അഭിനയ ജീവിതത്തിൽ ഓരോ കഥാപാത്രവും തിരിച്ചറിയേണം. അവരുടെ വാക്കുകൾ കഥാപാത്രങ്ങളെ ഭിന്നിപ്പിക്കുവാനും വേഗത്തിൽ കഥ അവസാനിപ്പിച്ച് കർട്ടൻ താഴ്ത്താനുമാണ് ശ്രമിക്കുന്നത് എന്ന വസ്തുതയും തിരിച്ചറിയേണം.

കുടുംബബന്ധങ്ങളിലെ തകർച്ചയുടെ എണ്ണം അമിതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന്ത്. നിസ്സാര വിഷയങ്ങൾക്കുപോലും വിവാഹബന്ധം വേർ പെടുത്തുന്നവരും പിരിഞ്ഞ് ജീവിക്കുന്നവരും കുറവല്ല. കുടുംബ ജീവിതത്തിൽ ഓരോരുത്തരും അനുഭവിക്കുന്ന അഥവാ അനുഭവിച്ച, തിക്താനുഭവങ്ങളും അപമാനങ്ങളും കണ്ണീരും തിരസകരിക്കുന്നില്ല. പ്രശ്നങ്ങൾ ഇല്ലാത്ത കുടുംബങ്ങൾ ഇല്ല എന്നു തന്നെ പറയാം. എന്നാൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന രീതിയിൽ ബാഹ്യമായ ഇടപെടലുകളും നമ്മെ ഭരിക്കുന്ന ഈഗോയുമാണ് പലപ്പോഴും വില്ലനാകുന്നത്.

ഒരു നാടകത്തിൽ ഒരു കഥാപാത്രത്തിന്റെ ഡയലോഗിനു ശേഷം മാത്രം മറ്റെ കഥാപാത്രം തന്റെ ഡയലോഗു പറയുന്നു. അങ്ങിനെയുള്ള നാടകം അവസാനബെല്ലോടു കൂടിമാത്രമേ അവസാനിക്കൂ. എന്നാൽ ഒരു കഥാപാത്രത്തിന്റെ ഡയലോഗ് കേൾക്കാൻ മനസുവയ്ക്കാതെ താൻ പഠിച്ച ഡയലോഗുകൾ പ്രതിപക്ഷ ബഹുമാനമില്ലെ ഉരുവിടുമ്പോൾ ഇടയ്ക്കുവച്ചു കർട്ടൻ വീഴുന്നു. അഭിനേതാക്കൾ പിരിഞ്ഞുപോകുന്നു. കാണികൾ കയ്യടിച്ചു പ്രോത്സാഹിപ്പിക്കും. ജീവിത നാടകം പരാജയപ്പെട്ടാലും പാതിവഴിയിൽ കർട്ടാൻ വീണാലും കാണികൾ കയ്യടിക്കും. അതുമാത്രമാണ് കാണികളുടെ ദൗത്യം എന്നത് ഓരോ റോൾ ചെയ്യുന്നവരും അറിഞ്ഞിരിക്കണം. വിജയകരമായി പൂർത്തീകരിച്ച് കർട്ടൻ വീഴേണ്ട അഭിനയം ഇടയ്ക്കുവച്ച് കർട്ടൻ വീഴുമ്പോൾ, സംവിധായകന് ഇതിൽ റോൾ ഒന്നു ശേഷിക്കുന്നില്ല. തന്റെ കലാസൃഷ്ടികൾ വേദിയിൽ കുഴഞ്ഞു വീഴാൻ ഒരിക്കലും സൃഷ്ടാവ് ആഗ്രഹിക്കുന്നില്ല. കഥാപാത്രമായിട്ട് അതിന് വഴിയൊരുക്കരുത്.നമ്മോടൊപ്പം വേദിയിൽ നിൽക്കുന്നവർ ഭാര്യയാകട്ടെ ഭർത്താവാകട്ടെ, മക്കൾ, മാതാപിതാക്കൾ ആരുതന്നെയായാലും, സംഭാഷണങ്ങളിൽ വേദനയുടെയോ ആക്ഷേപത്തിന്റെയോ ലാഞ്ചന മനസിനെ മുറിപ്പെടുത്തിയാലും ഒരു നല്ല കൂട്ടുകാരനായി കാണുവാൻ ശ്രമക്കുക. നല്ല കൂട്ടുകാരൻനീണ്ട പാതയുടെ നീളം കുറയ്ക്കും

## കത്തുകൾ

ക്രൈസ്തവ സംഗീതത്തെ വികലമാക്കിക്കൊണ്ട് ആരാധനയെന്നപേരിൽ പുതുതലമുറയ്ക്ക് മുമ്പിൽ കാഴചവയ്ക്കുന്ന തെറ്റായ നടപടികൾക്കെതിരെ 'പെന്തെക്കോസ്തിന്ഒരു ഓ പോട്' എന്ന തലക്കെട്ടിൽ സ്നേഹവചനം കഴിഞ്ഞ ലക്കം പ്രസിദ്ധീകരിച്ച പ്രതികരണം അവസരോചിതമായിരുന്നു. പലരും ഇത്തരം കാര്യങ്ങളെ അർദ്ധസമ്മതത്തോടെ കാണുമ്പോൾ അതിന്റെ ഭവിഷ്യത്തിനെക്കുറിച്ച് വ്യക്തമാക്കിയ സ്നേഹവചനത്തിനു നന്ദി. തുടർന്നും സമൂഹത്തിലെ തിന്മകൾക്കുനേരെ സ്നേഹവചനത്തിന്റ കണ്ണു തുറന്നിരിക്കട്ടെ എന്ന് ആശംസിക്കുന്നു.

മിനിമോൾ
ഷൊർണ്ണൂർ

പ്രിയ എഡിറ്റർക്ക്, കഴിഞ്ഞ ലക്കം ഇരട്ടത്താപ്പ് അവസാനിപ്പിക്കണം എന്ന എഡിറ്റോറിയൽ വായിച്ചു. വിശ്വാസികളോട് ഒന്നു പറയുകയും മറ്റൊന്ന് പ്രവർത്തിക്കുകയും ചെയ്യുന്ന, നിലപാടുകളില്ലാത്ത നേതൃത്വങ്ങളുടെ പ്രവർത്തനങ്ങളെ വ്യക്തമാക്കിയ എഡിറ്റോറിയൽ നന്നായിരുന്നു. പറയുന്നത് പ്രവർത്തിക്കാൻ കഴിയാത്ത നേതൃത്വങ്ങളെ ഓർത്ത് ലജ്ജിക്കുന്നു. അവർക്കൊക്കെ ഒരു മാനസാന്തരം ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ബ്രദർ രാജു കെ.സി.
കൈപ്പട്ടൂർ

സ്നേഹവചനം പത്രത്തന്റെ സ്ഥിരം വായനക്കാരനാണ് ഞാൻ ആദ്യമായിട്ടാണ് ഒരു പ്രകരണം അറിയിക്കുന്നത്. മാധ്യമങ്ങളുടെ സ്വാധീനം വളരെയേറെ മനുഷ്യ ജീവിതത്തെ സ്വാധീനിക്കുന്ന ഒരു കാലഘട്ടമാണിത്. എന്നാൽ നിർഭാഗ്യവശാൽ റേറ്റിംഗിനും സെൻസേഷനും കൂട്ടാനും വായനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ സത്യവിരുദ്ധമായ കാര്യങ്ങളും പ്രമുഖരുടെ പ്രവർത്തികളും മാത്രം നൽകി തെറ്റിനെതിരെ പ്രതികരിക്കുവാനും സത്യത്തെ പിന്താങ്ങുവാനും കഴിയാതെ പോകുന്നു എന്നത് ആശങ്കാജനകമാണ്.

എന്നാൽ സാധാരണക്കാരന്റെ വാക്കുകൾക്ക് നിറം കൊടുക്കുവാനും അവന്റെ ആവശ്യങ്ങളെ പരിഗണിക്കുവാനും അവർക്കുവേണ്ടി ശബ്ദിക്കുവാനും സത്യത്തിനും ധാർമ്മികതയ്ക്കും വേണ്ടി നിലനിൽക്കുന്ന സ്നേഹവചനത്തിന്റെ കാഴ്ചപ്പാടുകളെ അഭിനന്ദിക്കുന്നു.

കഴിഞ്ഞലക്കം എഡിറ്റോറിയലും അഡ്മിനെ പരിചയപ്പെടൂ എന്ന പേരിൽ യുവതലമുറയെ തങ്ങളുടെ വിലയേറിയ ജീവിതത്തെക്കുറിച്ച് ബോധ്യപ്പെടുത്തിയ ലേഖനവും നന്നായിരുന്നു. ദൈവം അനുഗ്രഹിക്കട്ടെ, പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിക്കുന്നു.

സുവി. കുഞ്ഞുമോൻ,
തിരുവനന്തപുരം

**സ്നേഹവചനം പത്രം ഇ–മെയിലിലും,വാട്സ് ആപ്പിലും ലഭിക്കുവാൻ 9656571354 എന്ന നമ്പറിലോ snehavachanamnews@gmail.com മെയിൽ ഐഡിയിലോ ബന്ധപെടുക.മാന്യ വായനക്കാർ പലരും വാർഷിക വരിസംഖ്യ കുടിശിഖ അടയ്ക്കുവാനും പുതുക്കുവാനും ഉണ്ട് വാർഷിക വരിസംഖ്യ 150 രൂപ മാത്രം.**
**ആയുഷ്കാല വരിസംഖ്യ 1000/രൂപ മാത്രം. ദയവായി ഓഫീസുമായി ബന്ധപ്പെടുക**

ക്രൈസ്തവലോകത്തെ അടുത്തറിയുവാൻ
ഈടുറ്റ ലേഖനങ്ങൾ,
സത്യസന്ധമായ വാർത്തകൾ,
പക്ഷപാത രഹിതമായ സമീപനം,
വിവാഹ വാർത്തകൾ,
മറ്റ് പരസ്യങ്ങൾ

വായിക്കുക
വരിക്കാരാകുക

സ്നേഹവചനം
offering voice to the voiceless
എല്ലാ മാസവും 1–ാം തീയതി പ്രസിദ്ധീകരിക്കുന്നു



വാർഷിക വരിസംഖ്യ–150/ രൂപ
ആയുഷ്കാല വരിസംഖ്യ– 1000

Editor, Snehavachanam news
Pulickalkavaa.P.O, Kottayam-17
Ph.9656571354, 9847866473,
Email: snehavachanamnews@gmail.com

# ഭാവികാല സംഭവങ്ങൾ

സുവി. ജെ.സി. ദേവ്



**ക്രിസ്തുവിനോടുകൂടെയുള്ള അനുഗ്രഹിക്കപ്പെട്ട നിത്യതയ്ക്കുവേണ്ടി ഒരുങ്ങുക എന്നതാണ്. നിത്യത ഉറപ്പാക്കുക എന്നതാണ് നാം ഇപ്പോൾ ചെയ്യേണ്ടത്...**



Sneha vachanam news

**തി**യോളജിയിലെ ഒരു ഡിപ്പാർട്ടു മെന്റാണ് എസ്ക്കറ്റോളജി.എസ്ക്കറ്റോളജിക്ക് യുഗാന്ത്യോന്മുഖ ദൈവശാസ്ത്രം, ഭാവികാല ശാസ്ത്രം എന്നിങ്ങനെ അർത്ഥം നൽകാം.മരണാനന്തര സംഭവങ്ങളുടെ പരമ്പരയാണിത്.മരണവും മരണാനന്തരവും എന്ന് വിഷയത്തിന്റെ തുടർച്ചയായി“ ഭാവികാല സംഭവങ്ങൾ” പരിഗണിക്കാം.ക്രിസ്തുവിന്റെ രണ്ടാം വരവ് (പറൂസിയ, **Parousia),** ക്രസ്തുവിന്റെ ന്യായാസനം, കുഞ്ഞാടിന്റെ കല്യാണം,മഹാപീഡനകാലം,തേജസ്സിന്റെ സിംഹാസനം,സഹസ്രാബ്ദ വാഴ്ച,വെള്ള സിംഹാസനം, സ്വർഗം,നരകം,പുതിയ ആകാശം ,പുതിയ ഭൂമി,നിത്യത തുടങ്ങിയ ഭാവികാല സംഭവങ്ങൾ ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. മരണാനന്തര സംഭവങ്ങളുടെ ഗൗരവം നാം മനസിലാക്കുമ്പോൾ നിത്യതയെക്കുറിച്ചുള്ള ചിന്ത നമ്മെ ആഴത്തിൽ സ്വാധീനിക്കേണ്ടതുണ്ട് എന്ന് ബോധ്യപ്പെടും. നിത്യതയെക്കുറിച്ചുള്ള ശക്തമായ ദർശനവുംനിത്യതയ്ക്കുവേണ്ടിയുള്ള യഥാർത്ഥമായ ഒരുക്കവും ഉള്ള ഒരു വിശ്വാസിക്ക് മരണ നിഴൽ താഴ്വരയിലും വിവരണാതീതമായ പ്രത്യാശ വെളിപ്പെടുത്തുവാൻ കഴിയും.

### പ്രത്യാഗമനം

പറൂസിയ, (Parousia)എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം ആഗമനം ,സാന്നിധ്യം,പ്രത്യക്ഷപ്പെടൽ എന്നിവയൊക്കെയാണ്.ലത്തീനിൽ ഇതിനു പകരം ഉപയോഗിക്കുന്നത് ‘അദ്വെന്തൂസ്’ (Adv entus) എന്ന പദമാണ്. ക്രിസ്തുവിന്റെ രണ്ടാം വരവിനെയാണ് പ്രധാനമായും ഈ പദം സൂചിപ്പിക്കുന്നത്. യേശുക്രിസ്തുവിന്റെ ഒന്നാം വരവിനെപ്പറ്റി (രക്ഷകനായി ബേത്ലഹേമിൽ ജനിക്കും)തിരുവെഴുത്തിൽ പരാമർശിച്ചിട്ടുള്ളതിനേക്കാൾ മൂന്നിരട്ടി പരാമർശങ്ങൾ രണ്ടാം വരവിനെപ്പറ്റി(മധ്യാകാശ വരവ്) ഉള്ളതായി വേദ പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നു.പ്രവാചകന്മാരും(സെഖ.14:3,5, യെഹ.21:26)ക്രിസ്തുവും(യോ ഹ.14:2,32) ദൂതന്മാരും (അപ്പൊ.1:11) അപ്പൊസ്തലന്മാരും (1യോഹ.3:1-3, യാക്കോ.5:7,8, 1 പത്രോ.1:7),ക്രിസ്തുവിന്റെ രണ്ടാം വരവിനെപ്പറ്റി പ്രസ്താപിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ പുനരാഗമനം,നീതിമാന്മാരെ സംബന്ധിച്ചിടത്തോളം മരിച്ചവരുടെ പുനരുദ്ധാനത്തിനും (1തെസ്സ.4:16)ജീവിച്ചിരിക്കുന്നവരുടെ രൂപാന്തരത്തിനും (1കൊരി.15:51,52) സഭയുടെ ഉൽപ്രാപണത്തിനും (2 തെസ്സ.2:1) തുടർന്ന് ന്യായ വിധി പ്രതിഫല വിഭജനം,2 കൊരി.5:10)എന്നിവയ്ക്കും ക്രിസ്തുവിന്റെയും സഭയുടെയും വിവാഹത്തിനും (വെളി.19:79) സാഹചര്യം ഒരുക്കുകയാണ്. നീതി കെട്ടവരെ സംബന്ധിച്ചിടത്തോളം അത് കഷ്ടതയുടെയും തീ പൊയ്കയുടെയും അനുഭവങ്ങൾ അഭിമുഖീകരിക്കേണ്ടി വരികയാണ്. (ലൂക്കോ.12:5, വെളി.20:5,21:18) പ്രത്യാഗമനത്തിന്റെ ലക്ഷ്യങ്ങൾ ഇങ്ങനെ സംക്ഷേപിച്ചു രേഖപ്പെടുത്താം.

### മഹോപദ്രവകാലം

മഹോപദ്രവകാലം( Great tribulation)ആരംഭിക്കുന്നതിനു മുമ്പ് സഭ എടുക്കപ്പെടും(Rapture,ഉൽപ്രാപണം). സഭ മഹോപദ്രപത്തിലൂടെ കടക്കും എന്ന് ചിന്തിക്കുന്ന വേദ പണ്ഡിതന്മാരുമുണ്ട്.എന്നാൽ വചനാടിസ്ഥാനം മഹോപദ്രത്തിനു മുമ്പ് സഭയുടെ ഉൽപ്രാപണം നടക്കും എന്നാണ്(Pre tribulation). ക്രിസ്തുവിന്റെ വരവിനു രണ്ട് ഘട്ടങ്ങളുണ്ട്.ഒന്നാം ഘട്ടം: സഭയുടെ മണവാളനായി സഭയെ ചേർക്കുവാൻ മധ്യാകാശത്തിൽ രഹസ്യവരവ്.(ഇത് സഭയുടെ ഉൽപ്രാപണം 2തെസ്സ.2:1)രണ്ടാം ഘട്ടം: മഹോപദ്രവത്തിന്റെ അന്ത്യ ഘട്ടത്തിൽ നീതിയോടെ ഭരിക്കുന്ന രാജാവായി വിശുദ്ധന്മാരുമായിലോകത്തെ വിധിക്കുവാൻ ഒലിവു മലയിൽ ഇറങ്ങിവരും.ഇത് പരസ്യ പ്രത്യക്ഷത.(കൊലൊ.3:4,യൂദാ15,സഖ. 14:4) ഈ രണ്ടു ഘട്ടങ്ങൾക്കും തമ്മിൽ ഏകദേശം ഏഴുവർഷത്തെ ഇടവേളയുണ്ട്.ഈ കാലയളവിൽ ഭൂമിയിൽ മഹോപദ്രവം നടക്കും.അപ്പോൾ ക്രിസ്തു തന്റെ മണവാട്ടിയായ സഭയോടുകൂടെ മധ്യാകാശത്തിലായിരിക്കും.സഭ മഹോപദ്രവത്തിലൂടെ കടന്നു പോകുകയില്ല.മഹോപദ്രത്തിന്റെ അന്ത്യത്തിൽ വിശുദ്ധന്മാരുമായി ഇറങ്ങിവരുന്ന ക്രിസ്തുവിന്റെ പരസ്യമായ പ്രത്യക്ഷതയെ മഹത്വപ്രത്യക്ഷത Glorious Appearance ) എന്നു പറയും(1 തെസ്സ.3:13,വെളി.19:11-16).

### ക്രിസ്തുവിന്റെ ന്യായാസനം

സഭയുടെ ഉൽപ്രാപണത്തിനു ശേഷം നടക്കുന്ന സുപ്രധാന സംഭവമാണ് ക്രിസ്തുവിന്റെ ന്യായാസനം.ഈ ന്യയാസനത്തെ ഗ്രീക്കിൽ ‘ ബീമാ’ എന്നു പറയും.ഉയർന്ന പീഠം എന്നർത്ഥം.“ അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്യുന്നത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടിവരും” (2 കൊരി.5:10). നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കേണ്ടിവരും.ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടിവരും (റോമ14:10-12).വിശ്വാസികളുടെ ജീവിതവും പ്രവർത്തികളുമാണിവിടെ ശോധന ചെയ്യപ്പെടുക.പ്രതിഫല വിഭജനവും ഇവിടെ നടക്കും.സ്വർഗ്ഗത്തിലാണ് ഈ ന്യായാസനം.പ്രവർത്തിക്കു തക്ക പ്രതിഫലം നൽകുന്നതിനാൽ ചിലർക്ക് മറ്റുള്ളവരെക്കാൾ കുറവ് പ്രതിഫലം ലഭിച്ചെന്നു വരും ചിലർക്ക് കൂടുതൽ ലഭിച്ചെന്നും വരും.

### അഞ്ചു കിരീടങ്ങൾ

ക്രിസ്തീയ ജീവിതം വിജയകരമാകേണ്ട ഒരു ജീവിതമാണ്. ജയ ജീവിതമാണ് ക്രിസ്തു നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. വിശ്വാസികൾ വിശ്വാസത്തിലും വിശുദ്ധിയിലും ജീവിതത്തിലും ദൗത്യ നിർവ്വഹണത്തിലും ഒന്നാമതാകണം. വിജയിക്കുന്നവർക്ക് അംഗീകാരം ഉണ്ട്. നാമധേയ ക്രിസ്ത്യാനികൾ പിന്മാറ്റക്കാർ നിശ്ബ്ദ ക്രിസ്ത്യാനികൾ രഹസ്യ ക്രിസ്ത്യാനികൾ എന്നിങ്ങനെയുള്ള വിഭാഗങ്ങളെ തിരുവെഴുത്ത് ന്യായീകരിക്കുന്നില്ല. ഒന്നാമത് എത്തുന്നവർക്ക് പ്രതിഫലം ഉണ്ട്. എല്ലാവരും വിക്ടറി സ്റ്റാൻഡിൽ വന്നെത്തണം. സ്വർഗ്ഗീയ സഭയിൽ വച്ച് അഭിമാന പൂർവ്വം പ്രതിഫലം ഏറ്റു വാങ്ങണം. വിജയിക്കുന്നവർക്കായി അഞ്ചു വിധ കിരീടങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്.

**വാടാത്ത കിരീടം** ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു വെങ്കിലും ഒരുവനേ വിരുതു പ്രാപിക്കുകയുള്ളൂ. എന്ന് അറിയുന്നില്ലെയോ? നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ.അംഗം പൊരുതുന്നവർ ഒക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു. അതൊ അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിനുതന്നെ (1 കൊരി9:24-25). ജഡത്തെ അതിന്റെ രാഗ മോഹങ്ങളോട് കൂടെ ക്രൂശിച്ച് വർജ്ജനം ആചരിച്ച് ദൈവ വ്യവസ്ഥകൾ പാലിച്ച് സഭാകത്മകമായും വ്യക്തിപരമായും വിജയ ജീവിതം നയിക്കുന്ന വിശുദ്ധന്മാർക്കാണ് വാടാത്ത കിരീടം വാഗ്ദാനം ചെയ്തിരിക്കുന്നത്.

### പ്രശംസാ കിരീടം

“നമ്മുടെ കർത്താവായ യേശുവിന്റെ മുമ്പാകെ അവന്റെ പ്രത്യക്ഷതയിൽ ഞങ്ങളുടെ ആശയോ സന്തോഷമോ പ്രശംസാ കിരീടമോ ആർ ആകുന്നു? നിങ്ങളും അല്ലയോ?ഞങ്ങളുടെ മഹത്വും സന്തോഷവും നിങ്ങൾ തന്നെ” (1തെസ്സ.2:19) .പ്രേക്ഷിത ദൗത്യത്തിലൂടെ ആത്മാക്കളെ നേടുന്നവർക്കുള്ള വാഗ്ദാനമാണ് “പ്രശംസാകിരീടം”. അവസരം പാഴാക്കാതെ, ആത്മാക്കളെ ക്കുറിച്ചുള്ള ഭാരത്തോടെ സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ആത്മാക്കളെ നേടുന്ന സുവിശേഷകന്മാർക്ക് പ്രശംസാ കിരീടം ലഭിക്കും.

### ജീവ കിരീടം

“നീ സഹിപ്പാനുള്ളത് പേടിക്കേണ്ട. നിങ്ങളെ പരീക്ഷിക്കേണ്ടതിന് പിശാച് നിങ്ങളിൽ ചിലരെ തടവിലാക്കുവാൻ പോകുന്നു. പത്തു ദിവസങ്ങൾക്കു ഉപദ്രവം ഉണ്ടാകും. മരണപര്യന്തം വിശ്വസ്തനായിരിക്കുക എന്നാൽ ഞാൻ ജീവ കിരീടം നിനക്കു തരും”(വെളി.2:10). ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചു കൊള്ളുവിൻ. അങ്ങിനെ നിങ്ങൾ അവന്റെ തേജസിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും. ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടി വന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ. ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടിവന്നാലോ ലജ്ജിക്കരുത്(1 പത്രോ.4:13-16). വിശ്വാസത്തിനു വേണ്ടി കഷ്ടവും നിന്ദയും സഹിച്ച,രക്തസാക്ഷികളായി ത്തീർന്ന വിശ്വസ്തരായ സമർപ്പിതർക്ക് വാഗ്ദാനം ചെയ്തിട്ടുള്ളതാണ് ജീവകിരീടം.

**തേജസ്സിന്റെ വാടാത്ത കിരീടം** ‘നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റ ആട്ടിൻ കൂട്ടത്തെ മേയ്ച്ചുകൊൾവിൻ.നിർബന്ധത്താലല്ല,ദൈവത്തിനും ഹിതമാം വണ്ണം മനപൂർവമായും ദുരാഗ്രഹത്തോടല്ല, ഉന്മാഷത്തോടേയും ഇടവകകളുടെ മേൽ കർതൃത്വംനടത്തുന്നവരായിട്ടുമല്ല,ആട്ടിൻ കൂട്ടത്തിനു മാതൃകകളായി തീർന്നുകൊണ്ട് അദ്ധ്യക്ഷത ചെയ്യുവിൻ. എന്നാൽ ഇടയ ശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും”(1 പത്രോസ്.5:2-4). ഇത് ദൈവീക സഭാപരിപാലന ക്രമത്തിൽ വിശ്വസ്ഥരായ,സമർപ്പിതരായ,ആത്മീയരായ,ശുശ്രൂഷ മനോഭാവമുള്ള,അധികാരഭാവമില്ലാത്ത,നേതൃത്വത്തിന്റെ ജാഡകൾ കാണിക്കാത്ത മാതൃകാ പരമായി സേവനം അനുഷ്ഠിക്കുന്ന സഭാ പരിപാലകർക്ക് ലഭിക്കുന്ന കിരീടമാണ്.

**നീതിയുടെ കിരീടം** “ഞാനോ ഇപ്പോൾ തന്നെ പാനീയയാഗമായി ഒഴിക്കപ്പെടുന്നു. എന്റെ നിരിയാണ കാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായ് വച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക് നൽകും; എനിക്ക് മാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ പ്രിയം വച്ച വർക്കും കൂടെ”(2തിമോ.4:6-8)വിശ്വാസത്തിന്റെ വ്യവസ്ഥകൾ പാലിച്ച് ജീവാവസാനം വരെ വിശ്വാത്തിനുവേണ്ടി പൊരുതി നിന്നിരുന്ന ധീരരായ ജേതാക്കൾക്ക് വാഗ്ദാനം ചെയ്തിട്ടുള്ളതാണ് നീതിയുടെ കിരീടം. ഈ അഞ്ചു കിരീടങ്ങൾ വിശുദ്ധന്മാർക്കു വേണ്ടി നിത്യതയിൽ കാത്തിരിക്കുകയാണ്. കർത്താവിൽ നിന്നും നമുക്കവ ഏറ്റുവാങ്ങുവാൻ കഴിയണം.

**കുഞ്ഞാടിന്റെ കല്യാണം** “കുഞ്ഞാടിന്റെ കല്യാണം വന്നല്ലോ. അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. അവൾക്ക് ശുദ്ധവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു. ആ വിശേഷ വസ്ത്രം വിശുദ്ധന്മാരുടെ നീതി പ്രവർത്തികൾ തന്നെ”(വെളി.19:7,8). ക്രിസ്തുവിന്റെ പുനരാഗമനത്തിന്റെ ശേഷം നടക്കുന്ന സുപ്രധാനമായ ഒരു സംഭവമാണ്. “കുഞ്ഞാടിന്റെ കല്യാണം” നിത്യതയിലെ മനോഹരമായ ഒരു സംഭവം! കുഞ്ഞാടിന്റെ കല്യാണം അവന്റെ കാന്ത തുടങ്ങിയ പരാമർശങ്ങൾ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. നിത്യതയിൽ വിവാഹജീവിതമോ,കുടുംബ ജീവിതമോ ഇല്ല. പിന്നെ ഇവിടെ എന്തു കൊണ്ടാണ് ഒരു വിവാഹം വരുന്നത്? വെളിപ്പാട് 19:7,8 വേദഭാഗത്തെ പല പരാമർശങ്ങളും പ്രതീകാത്മകമാണ്.“കുഞ്ഞാട്” എന്ന പദം ക്രിസ്തുവിനെ കാണിക്കുന്നു. അവന്റെ “കാന്ത” സഭയാണ്. ക്രിസ്തു മണവാളനും സഭ മണവാട്ടിയമാണ്. ഭൂമിയിൽ സ്വർഗം വിശുദ്ധന്മാരുടെ കുടുംബ ജീവിതമായി വിശേഷിക്കപ്പെടുന്നു. കുടുംബ ജീവിതത്തിന്റെ ചൈതന്യം സ്നേഹമാണ്.ക്രിസ്തു നമ്മെ സ്നേഹിച്ചു. കാൽവരിയിൽ സ്വന്ത രക്തം ഊറ്റി തന്ന് അവിടുന്ന് നമ്മോടുള്ള സ്നേഹം വെളിപ്പെടുത്തി. കാൽവറിയിലെ ക്രൂശീകരണത്തിലൂടെ അവിടുന്ന് നമ്മെ സ്വന്തമാക്കി, വിണ്ടെടുത്തു. ബന്ധങ്ങളിൽ ഏറ്റവും ശ്രേഷ്ടമായ,ശക്തമായ,ദിവ്യമായ ബന്ധം ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധമാണ്. ഭർത്താവ് ഭാര്യയെ സ്വന്തമാക്കുകയാണ്. അവളുടെ മേൽ പൂർണ്ണമായ അധികാരവും അവകാശവും ഭർത്താവിനുമാത്രം. ഭർത്താവിൽ ഭാര്യക്ക് സുരക്ഷിതത്വവും ഭാവി പ്രത്യാശയും ഉണ്ട്. ഇവിടെ സഭ ക്രിസ്തുവിനു സ്വന്തം. കാൽവറിയിലെ ക്രൂശീകരണത്തിലൂടെ വിവാഹ നിശ്ചയം കഴിഞ്ഞു(2കൊരി.11:2)പക്ഷെ വിവാഹം നടക്കുക നിത്യതയിൽ വെച്ചാണ്.നിർമ്മല കന്യകയായ“ കാന്ത”യുടെ ഒരുക്കം ഭൂമിയിൽ വെച്ച് പൂർത്തിയാകണം. വിശുദ്ധിയിൽ തികയണം നിത്യതയിൽ വിവാഹം നടക്കുന്നു എന്നു പറയുമ്പോൾ ക്രൂശീകരണത്തിലൂടെ സ്വന്തമാക്കിയ സഭ എന്ന കാന്തയെ ക്രിസ്തു ആഘോഷമായി സ്വീകരിക്കുകയാണ്. ഈ മനോഹരമായ സുദിനത്തിന് വേണ്ടിയല്ലയൊ ക്രിസ്തുവിന്റെ കാന്ത തന്നെ തന്നെ ഒരുങ്ങി കാത്തിരിക്കുന്നത്. പ്രസ്തുത സുദിനത്തെയാണ് വെളിപ്പാട് പുസ്തകം 19 ന്റെ 7-8 വരെ ചൂണ്ടികാണിക്കുന്നത്. വിവാഹ നിശ്ചയം കഴിഞ്ഞ വിശ്വസ്ഥയായ നിയുക്ത വധു ഏറ്റവുമധികം സന്തോഷിക്കുന്ന് അന്നാണ്.കാത്തിരിപ്പിന്റെ വിജയകരമായ പരിസമാപ്തി.“സ്വന്തം” എന്ന ആശയം അതിന്റെ പൂർണ്ണത പ്രാപിക്കുന്നത് കൊണ്ടും അപ്പോഴാണ് ആത്മീകമായ ഈ ആശയമല്ലാതെ “കുഞ്ഞാടിന്റെ കല്യാണം” എന്ന പ്രയോഗത്തിന് ലൗകീകമായി അർത്ഥമില്ല. സ്വർഗ്ഗത്തിൽ വിവാഹം നടക്കുന്നില്ല, ഭൂമിയിലെ വിവാഹ ബന്ധം സ്വർഗ്ഗത്തിൽ തുടരുന്നില്ല.

**എതിർ ക്രിസ്തുവും സഹസ്രാബ്ദ വാഴ്ചയും**
സഭ ക്രിസ്തുവിനോടു കൂടെ മദ്ധ്യാകാശത്തിലായിരിക്കുമ്പോൾ ഭൂമിയിൽ എതിർ ക്രിസ്തുവിന്റെ ഭരണം നടക്കും. ഇത് ഏഴു വർഷം ദീർഘിക്കും. ആദ്യത്തെ മൂന്നര വർഷം തന്ത്ര പൂർവ്വം സമാധാന പൂർണം എന്ന് തോന്നി പ്പിക്കും വിധം ഭരണം നടത്തും. തുടർന്നുള്ള മൂന്നര വർഷം കഠിനമായ കഷ്ടതയായിരിക്കും ഫലം“യാക്കോബിന്റെ വലിയ കഷ്ടത” യാണിത്! ക്രിസ്തുവിനെ ത്യജിച്ച് പലരും ഏതിർ ക്രിസ്തുവിനെ ആരാധന മൂർത്തിയായി അംഗീകരിക്കും. ഭയാനകവും ക്രൂരവും പൈശാചികവുമായ ഈ ഭരണം ഹർമ്മഗെദോൻ യുദ്ധത്തോടെ അവസാനിക്കും. ഈ യുദ്ധം അവസാനിക്കുന്നതോടെ സാത്താനെ ആയിരം വർഷത്തേക്ക് അഗാധത്തിൽ അടയ്ക്കും. തുടർന്ന് സഹസ്രാബ്ദ വാഴ്ചയുടെ മുന്നൊരുക്കങ്ങൾ നടത്തും. ഇസ്രായേലിന്റെ ന്യായ വിധി, ജാതികളുടെ ന്യായവിധി എന്നിങ്ങനെ നടക്കും. ഇത് തേജസ്സിന്റെ സിംഹാസനം എന്നറിയപ്പെടുന്നു (മത്തായി.25:31-46,യോവേൽ 3:1-4,11:12). ഭൂമിയിൽ സ്ഥാപിക്കപ്പെടുന്ന ഈ സിംഹാസനം ന്യായാധിപൻ ക്രിസ്തു തന്നെ മഹാ പീഡന കാലത്ത് യിസ്രായേലിന് ചുറ്റുമുള്ളവർ അവർ യിസ്രായേലിനോട് ചെയ്ത ഇടപാടുകളുടെ അടിസ്ഥാനത്തിലാണ് വിധി ഉണ്ടാവുക.

**സഹസ്രാബ്ദ വാഴ്ച** ആയിരം ആണ്ട് വാഴ്ചയിൽ ക്രിസ്തവും വിശുദ്ധന്മാരും ഭൂമിയിൽ ആയിരം വർഷം ഭരണം നടത്തും(**Millenial Reigan,**വെളി.20:1-7).മില്ലേനിയം എന്ന ലത്തീൻ പദത്തിന്റെ മലയാള അർത്ഥമാണ് സഹസ്രാബ്ദം എന്നത്. സഹസ്രാബ്ദ വാഴ്ച യെരുശലേം കേന്ദ്രമാക്കിയാണ് നടക്കുക.ക്രിസ്തുവിനു വേണ്ടി കഷ്ടം സഹിച്ചവരും രക്തസാക്ഷികളായി തീർന്നവരും ഇവിടെ ആദരിക്കപ്പെടുന്നു. അവർ ക്രിസ്തുവിനോടു കൂടെ വാഴും (യെശ.32:1).12 അപ്പോസ്തലന്മാർ 12 സിംഹാസനങ്ങളിൽ ഇരിക്കും യിസ്രായേൽ ഗോത്രം 12 നെയും ന്യായം വിധിക്കും(മത്താ.19:28).ജയാളികളായി വിശുദ്ധന്മാർ ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ പ്രഭുക്കന്മാരായി ഇരിക്കും(സങ്കീ.45:16). സഹസ്രാബ്ദ വാഴ്ചയ്ക്ക് ശേഷം വെള്ള സിംഹാസന വിധി നടക്കും (വെളി.20:11-15). ക്രിസ്തുണ് ഇവിടെയും ന്യായാധിപൻ. ന്യായ വിധി നടത്തുന്ന ന്യായ സിംഹാസനത്തിന് ഗ്രീക്കിൽ ത്രോണൊ(**throne**)എന്നു പറയും. ക്രിസ്തവിനെ അംഗീകരിക്കാത്തവർക്കും അനുസരിക്കാത്തവർക്കുമുള്ള അന്ത്യ വിധി ഇവിയെയാണ് നടക്കുക പരിണിത ഫലം നിത്യ നരകത്തിലേക്ക് തള്ളുക എന്നതാണ്! സാത്താനെ എന്നേക്കുമുള്ള ദണ്ഡനത്തിനായി തീ പൊയ്കയിൽ തള്ളും(വെ ളി.20:7-10)

**പുതിയ ആകാശം പുതിയ ഭൂമി** “ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു”(വെളി.21:1). വെള്ള സിംഹാസന വിധിക്ക് ശേഷം ക്രിസ്തുവിനോട് കൂടെ ശ്രേഷ്ഠകരമായ നിത്യതതയിലേക്ക് പ്രവേശിക്കുന്ന വിശുദ്ധന്മാർക്ക് ലഭിക്കുന്ന അനുഗ്രഹിക്കപ്പെട്ട അനുഭവങ്ങളാണ് പുതിയ ആകാശവും പുതിയ ഭൂമിയും. യോഹന്നാൻ അപ്പോസ്തലനാണ് ഇത് സംബന്ധിച്ച പൂർണ്ണ വെളിപ്പാട് ലഭി ച്ചതെങ്കിലും യെശയ്യാവിനും(65:17)പത്രോസിനും (2പത്രോ.3:13) ഭാഗീകമായ വെളിപ്പാടുകൾ ലഭിച്ചിട്ടുണ്ട്.യോഹന്നാൻ കാണുന്നത് പൂർണ്ണമായും പുനഃ സംവിധാനം ചെയ്ത ഒരു പുതിയ ലോകത്തെയാണ്.“ഞാൻ പതിയ ആകാശവും പുതിയ ഭൂമിയും കണ്ടു, ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞു പോയി .സമുദ്രവും ഇനിയില്ല.പുതിയ യരുശലേം എന്ന വിശുദ്ധ നഗരം ഭർത്താവിനായി അലങ്കരിച്ചിരിക്കുന്ന മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്നു,ദൈവ സന്നിധിയിൽ നിന്നു തന്നെ ഇറങ്ങുന്നതും ഞാൻ കണ്ടു,സിംഹാസനത്തിൽ നിന്ന് ഒരു മഹാശംബ്ദം പറയുന്നതായി ഞാൻ കേട്ടത്: ഇതാ മനുഷ്യാരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോട് കൂടെ വസിക്കും. അവർ അവന്റെ ജനമായിരിക്കും ദൈവം താൻ അവരുടെ ദൈവമായി അവരോടു കൂടെയിരിക്കും. അവൻ അവരുടെ കണ്ണിൽ നിന്ന് കണ്ണീരെല്ലാം തുടച്ച് കളയും ഇനി മരണം ഉണ്ടാവുകയില്ല,ദുഃഖവും മുറവിളിയും കഷ്ടവും ഇനി ഉണ്ടാവുകയില്ല. ഒന്നാമത്തേത് കഴിഞ്ഞു പോയി, സിംഹാസനത്തിൽ ഇരിക്കുന്നവൻ: ഇതാ ഞാൻ സകലവും പുതുതാക്കുന്നു......” വെളി 21-ാം അദ്യായത്തിന്റെ 1 മുതൽ 15 വരെ ഉള്ള വേദ ഭാഗം പുതുവാന ഭൂമിയുടെ അനുഭവങ്ങൾ വിശദീകരിക്കുകയാണ്. പുതിയ യരുശലേം എന്ന സ്വർഗ്ഗീയ നഗരാനുഭവവും ഇവിടെ വിവരിക്കപ്പെടുന്നു.കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ പേരെഴുതപ്പെട്ട വിശുദ്ധന്മാർ മാത്രമാണ് പുതുവാന ഭൂമിയുടെ അവകാശികൾ. നഗരത്തിൽ പ്രകാശിപ്പാൻ സൂ ര്യനും ചന്ദ്രനും ആവശ്യമില്ല.ദൈവ തേ ജസ്സ് അതിനെ പ്രകാശിപ്പിച്ചു. കുഞ്ഞാടതിന്റെ വിളക്കാകുന്നു.... രാത്രി അവിടെ ഇല്ലല്ലോ.കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായ യാതൊന്നും മ്ലേച്ഛതയും പ്രവർത്തിക്കുന്നവർ ആരും അതിൽ കടക്കുകയില്ല (വെളി.21:16-27).

ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അവിടെ ഉണ്ടായിരിക്കും.(വെളി.21:2,22:12). ഇവിടെ നിത്യത ആരംഭിക്കുകയാണ്.നിത്യതയിൽ നിത്യ ആരാധന നടക്കുന്നു.“ അവന്റെ ദാസന്മാർ അവനെ ആരാധിക്കും അവർ അവന്റെ മുഖം കാണും അവന്റെ നാമം അവരുടെ നെറ്റിമേൽ ഇരിക്കും”(വെളി.22:3,4).അങ്ങിനെ ഭാവി കാല സംഭവങ്ങൾ (എസ്ക്കറ്റോളജി) ഒന്നൊന്നായിദൈവീക കാര്യപരിപാടി അനുസരിച്ച് നടക്കുകയാണ്.മരണാനന്തര നിത്യത സംഭവ ബഹുലമാണ്.

ക്രിസ്തുവിനോടുകൂടെയുള്ള അനുഗ്രഹിക്കപ്പെട്ട നിത്യതയ്ക്കുവേണ്ടി ഒരുങ്ങുക എന്നതാണ്. നിത്യത ഉറപ്പാക്കുക എന്നതാണ് നാം ഇപ്പോൾ ചെയ്യേണ്ടത്.

---

# ദുരന്തം ആവർത്തിക്കാതിരിക്കാൻ

NIBHU

**പെ**ൺകുട്ടികൾ ഉള്ള മാതാപിതാക്കൾ തീർച്ചയായും വായിക്കുക. ഇനി നമ്മുടെ നാട്ടിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടാവാതിരിക്കട്ടെ. ഇതിനെതിരെ ശക്തമായി പ്രതികരിക്കാൻ യുവാക്കൾ തയ്യാറാവണം. ഇത് നിങ്ങൾ തീർച്ചയായും വായിക്കുക. ഒരു പരിധിവരെ നമ്മുടെ പെൺകുഞ്ഞുങ്ങളെ ഇന്നത്തെ അവസ്ഥയിൽ ആക്കിയതിന് കാരണക്കാർ നമ്മൾതന്നെയല്ലേ? ജനിച്ചു വീഴുന്ന സമയം മുതൽ ‘ ഈശ്വരാ പെൺകുഞ്ഞാണ് ആണൊരുത്തന്റെ കയ്യിൽ ഏല്പിക്കുംവരെ ചങ്കിൽ തീയാണ്’ ഈ വാചകം കുടുംബത്തിൽ നിന്നും കേൾക്കാത്ത പെൺകുട്ടികൾ ഉണ്ടെങ്കിൽ അവർ ഭാഗ്യവതികൾ എന്നു ഞാൻ പറയും. മാതാപിതാക്കൾ ആളിക്ക കത്തിക്കുന്ന ഈ തീ പിന്നീട് ആളുന്നത് നമ്മുടെ പെൺകുഞ്ഞിന്റെ മനസിലാണ്. അടക്കം, ഒതുക്കം, ചിട്ടവട്ടങ്ങൾ എന്നോ ഒരുനാൾ വിവാഹം കഴിച്ചയക്കാൻ പോകുന്ന ഏതോരു വീടിന്റെ അച്ചടക്കംവിവരണംവരെ പതിനഞ്ചുവയസിനുമുമ്പ്തന്നെ അവളുടെ തലയ്ക്കുമുകളിൽ തൂങ്ങുന്ന വാളാകുന്നു.

ഉറച്ചൊന്ന് സംസാരിക്കാൻ ഭയക്കുന്ന, ചിരിക്കാൻ ഭയക്കുന്ന കുഞ്ഞുങ്ങളുണ്ട്. ഉറക്കെചിരിക്കുന്ന പെണ്ണുങ്ങൾ മോശക്കാരികളത്രേ...! അയലത്തെ വീട്ടിൽ കേൾക്കാമല്ലോടീ നിന്റെ ചിരി...!! അയലത്തെ വീട്ടിൽ കേൾക്കാൻ പാടില്ലാത്തത് നിന്റെ ചിരിയല്ല ഒള്ളിലടക്കുന്ന കരച്ചിലുകളാണ്. സ്കൂൾ വിശേഷങ്ങളുമായ ഓടിവരുന്ന കുഞ്ഞിനൊരു പത്തുമിനിട്ട് ചെവി കൊടുക്കൂ. അതവൾക്കൊരു ധൈര്യമാണ്. ‘എന്നെ കേൾക്കാൻഒരാളുണ്ട്’ എന്ന അവളുടെ സന്തോഷം മാത്രമല്ല, അവളുടെ മനസിന്റെ ഉള്ളറകളും നിങ്ങൾക്ക് അറിയുവാൻ കഴിയും.


അനാവശ്യ സ്നേഹ പ്രകടനങ്ങൾ നടത്തുന്ന ബന്ധുക്കളും, സുഹൃത്തുക്കളും, നിങ്ങളുടെ മുമ്പിൽ സദാചാര പ്രമുഖരായിരിക്കാം. അമ്മേ എനിക്കാ മാമനെ ഇഷ്ടമല്ല, എന്നോട് അങ്ങിനെ /ഇങ്ങിനെ ചെയ്തു എന്ന പരാതികൾക്ക് നമ്മൾ നൽകേണ്ട മറുപടി ഞാൻ ശ്രദ്ധിക്കാം അല്ലെങ്കിൽ അയാൾ ഈവീട്ടിൽ ഇരിവരില്ലെന്ന ഉറപ്പോ ആണ്. നമ്മളിൽ എഴുപതു ശതമാനം വരുന്ന രക്ഷിതാക്കൾ പറയുന്ന ആദ്യ വാചകം ഇതാണ്. അയാൾ അല്ലെങ്കിൽ അവൻ അങ്ങിനെ ചെയ്യുമോ...!നമ്മുടെ കുഞ്ഞിന്റെ വിശ്വാസത്തിന്മേൽ ആഞ്ഞടിക്കുന്ന ആദ്യത്തെ ആണി. സാമാന്യ ബോധത്തോടൊപ്പം ധൈര്യവുംകൂടി നൽകൂ പെൺകുട്ടികൾക്ക്. ആവശ്യവും അനാവശ്യവും തിരിച്ചറിയാൻ തന്റെ നേരെ നീളുന്ന നോട്ടം (സ്വന്ത അച്ഛന്റെതാണെങ്കിൽക്കൂടി) അസ്ഥാനത്താണോ എന്ന തിരിച്ചറിയാനുള്ള നോട്ടം ഉണ്ടാകണം അവൾക്ക്. സർവ്വംസഹയായ ഭൂമിപോലുംഒന്നു കുലുങ്ങാറില്ലേ, തീരെ നിവർത്തിയില്ലാതെ വന്നാൽ. ഏതുപെണ്ണുംഒരു നിമിഷത്തേങ്കെങ്കിലുംഇങ്ങിനെ ആയിപ്പോകും... ഇങ്ങനെയാകണം...ഇതാണ് ശരി എന്ന് സമർത്ഥിക്കുന്നില്ല. സകല വിചാരണയും നടത്തി അഗ്നിശുദ്ധി തെളിയിച്ചും വരുംവരെ കാലം കാത്തു നിൽക്കില്ലല്ലോ? ചൊവ്വയിൽ വരെയെത്തി മനുഷ്യ സാന്നിധ്യം.എന്നിട്ടും മെസേജ് അയച്ചു ദൈവത്തിന്റെ അപ്രതീക്ഷിത അനുഗ്രഹവും കാത്തിരിക്കുന്നതും അതേമനുഷ്യൻ തന്നെ. പൊള്ളത്ത്രങ്ങൾ എത്രയെത്ര കൺമുമ്പിൽ പൊളിഞ്ഞുവീണാലും, നമ്മൾ ഇനിയും പോകും മരുപ്പച്ചകൾ തേടി. അതാണ് ദുരന്തം.




നമ്മുടെ പെൺകുഞ്ഞുങ്ങളെ കൂടുതൽ ശ്രദ്ധിക്കണം. അവർ ആരോട് ഇടപെടുന്നു, അവരുചെ സ്വഭാവം മാറുന്നുണ്ടോ, ഉറക്കത്തിൽ ഞെട്ടിയുണരുന്നുണ്ടോ, ശരീരഭാഗങ്ങളിൽ പാടുകളുണ്ടോ എന്ന് അമ്മമാർ ശ്രദ്ധിക്കണം. അയൽപക്കങ്ങളിലെ വീട്ടിൽ കഴിവതും കുഞ്ഞുങ്ങളെ വിടാതിരിക്കുക.അന്യ ആണുങ്ങൾ കുഞ്ഞുങ്ങളെ താലോലിക്കുന്ന അവസരം ഒഴിവാക്കുക, ഒറ്റക്കു അന്യ ആണുങ്ങളുള്ള വീട്ടിൽ കുഞ്ഞുങ്ങളെ വിടാതിരിക്കുക. കുഞ്ഞുങ്ങൾക്ക് അവരുടെ നല്ല കൂട്ടുകാരായിരിക്കണം മാതാപിതാക്കൾ.

അവരുടെഎല്ലാ കാര്യങ്ങളും, അവരുടെ തമാശ, ഒരു ദിവസം അവർക്ക് സംഭവിച്ചത്. എല്ലാം തുറന്നു പറയാൻ ഒരു ഫ്രണ്ട് ആയിരിക്കണം നമ്മൾ. നമ്മുടെ ഒരു മണിക്കൂർ രാത്ര അവർക്കു വേണ്ടി നീക്കി വയ്ക്കണം. നമ്മൾജീവിക്കുന്നത് കഷ്ടപ്പെടുന്നത് നമ്മുടെ ജീവനായ കുഞ്ഞുങ്ങൾക്കു വേണ്ടിയാണ്. അവരുടെ സന്തോഷത്തിനു വേണ്ടിയാണ്. അവരുടെ സുരക്ഷയാണ് നമ്മുടെ ജീവിതം. നമ്മൾ അവരുടെ ജീവിതത്തിൽഒരു കാവൽ നായയെപ്പോലെയാകണം. അവർ വളർന്ന്അവരെത്തന്നെ സ്വയംസംരക്ഷിക്കാൻ ആവുന്ന സമയം വരെ നമ്മൾ അവരുടെ കാവൽ നായ ആയിരിക്കണം.

PRAVASI VARTHAKAL



# കർത്താവിനെ കണ്ടതു കൊണ്ട്



പാസ്റ്റർ എബി ഏബ്രഹാം

**ശി**ഷ്യന്മാർ ആകെ അനിശ്ചിതത്തിലാണ് ഗുരുവും നാഥനുമായ യേശുവിനെ ക്രൂശിച്ച യഹൂദ മത ഭ്രാന്തർ തങ്ങളെ ഓരോരുത്തരെയും വക വരുത്തുമെന്ന ഭീതിയിൽ അവർ അടച്ചിട്ട മുറിക്കുള്ളിൽ ഒതുങ്ങിക്കൂടിയിരിക്കുകയാണ്. കഴിഞ്ഞ മൂന്നര വർഷം എല്ലാവരും ശ്രദ്ധിക്കപ്പെടത്തക്ക നിലയിൽ യേശുവിനോടൊപ്പം നടന്നു. പലർക്കും ലഭിക്കതെ പോയ പദവി തങ്ങൾക്ക് കൈവന്നതിൽ ചിലർക്ക് അഭിമാനവും അത്ഭുതവും മറ്റു ചിലർക്ക് അസൂയ വേറെ ചിലർക്ക് നസ്രത്ത് കാരന്റെ ശിഷ്യൻ എന്നനിലയിൽ ആക്ഷേപം. എന്നാലിപ്പോൾ ഗുരുവിന്റെ അഭാവത്തിൽ ജനങ്ങൾ തങ്ങളോട് എങ്ങിനെ പ്രതികരിക്കും എന്നതിനെക്കുറിച്ച് ആകെ ഒരു ആശങ്ക. യേശുവിന്റെ ഉയർത്തെഴുന്നേല്പ്പ് വിശ്വസിച്ചിട്ടില്ലാത്ത യഹൂദ മത മേലദ്ധ്യക്ഷന്മാർക്ക് ശിഷ്യന്മാർ പ്രത്യേകം നോട്ടപ്പുള്ളികളാണ്. അതുകൊണ്ടുതന്നെ അവരുടെ ഭയവും ഒളിച്ചിരുപ്പും ന്യായീകരിക്കത്തക്കതാണ്. ശിഷ്യ ഗണങ്ങളുടെ അകത്തും പുറത്തും അവർ കൂടിയിരുന്ന മുറിക്കകത്തും നിറഞ്ഞു നില്ക്കുന്ന ഭയത്തിന്റെ കാർമേഘ പാളികളെയും നിരാശയെയും വകഞ്ഞ് മാറ്റിക്കൊണ്ട് യേശു ആ മുറിയിൽ സ്വയം ഇറങ്ങി വരികയായിരുന്നു.

ആ പ്രത്യക്ഷത തന്നെ അത്യന്തം ആശ്ചര്യവും ആശയ പ്രാധാന്യവുമാണ്. അടഞ്ഞ വാതിലിന് തടസ്സമില്ലാത്തവനാണ് ഗുരുവെങ്കിൽ തന്റെ ശിഷ്യന്മാർ പേടിക്കുന്നതെന്തിന്. ഭയത്തിനടിമപ്പെട്ട് തകർന്നിരുന്നവരുടെ അരികിലേക്ക് ആശ്വസിപ്പിക്കാൻ എത്താൻ മനസസ്സുള്ളവനാണ് ഗുരുവെങ്കിൽ ആശിഷ്യന്മാർ എന്തിന് നിരാശപ്പെടണം.

> **എന്നാൽ കാണുക എന്നുള്ളതിന് നിസ്സാരമായ അർത്ഥമാണോ ഉള്ളത്. കേവലമായ ഒരു ദർശനമാണോ അതു കൊണ്ട് ഉദ്ദേശിക്കുന്നത്?**

ജീവിതം തന്നെ അടഞ്ഞു എന്ന് വിധിയെഴുതിയപ്പോൾ മറ്റൊരു തലത്തിലേക്ക് അവരെ തുറന്നു വിടുവാനുള്ള പ്രത്യക്ഷതയായിരുന്നു അത്. അതുകൊണ്ട് തന്നെ, കർത്താവിനെ കണ്ടതു കൊണ്ട് ശിഷ്യന്മാർ സന്തോഷിച്ചു (യോഹ. 20:20). നക്ഷത്രം കണ്ടതുകൊണ്ട് അവർ അത്യന്തം സന്തോഷിച്ചു എന്ന് മത്താ.2:10 ൽ വിദ്വാന്മാരെക്കുറിച്ച് വായിക്കുന്ന വാക്യവുമായി ഒരു സമാനതയുണ്ട്. ഈ വേദ ശകലത്തിന് രണ്ട് കൂട്ടരും അടുത്ത ചുവടിനു വഴിയും സ്ഥലവും അറിയാതെ പരതുമ്പോഴാണ് ആ വഴിത്താരയിൽ രണ്ട് ചുവട് വയ്പിന് ആശ്ചര്യകരമായ നക്ഷത്രത്തിളക്കം ശോഭിക്കുന്നത്. വിദ്വാന്മാർ ആകാശത്ത് കണ്ട ആ നക്ഷത്രം ശിഷ്യന്മാർക്ക് വേണ്ടി ഇരുട്ട് നിറഞ്ഞ മുറിയിലേക്ക് നേരിട്ടിറങ്ങുകയായിരുന്നു. ആകയാൽ അവരുടെ സന്തോഷം അതിരറ്റതായിരുന്നു. *കർത്താവിനെ കാണാത്തിടത്തോളം ആർക്കും സന്തോഷിക്കുവാൻകഴിയുകയില്ല.*

* കർത്താവിനെകാണാത്തവർക്കാർക്കും യഥാർത്ഥ ദിശാബോധം ലഭിക്കുകയില്ല.
* കർത്താവിനെ കാണാത്തവർക്കാർക്കും ആന്തിരിക ഭയം അകലുകയില്ല.
* കർത്താവിനെ കാണാത്തവർക്കാർക്കും വാതിൽ തുറക്കപ്പെടുകയില്ല.
* കർത്താവിനെ കാണാത്തവർക്കാർക്കും യഥാർത്ഥ ദൈവബോധം ലഭിക്കുകയില്ല.
* കർത്താവിനെ കാണാത്തവർക്കാർക്കും നിത്യ ജീവൻ നേടാൻ കഴിയുകയില്ല.
* കർത്താവിനെ കാണാത്തവർക്കാർക്കും ഭാവി ലോകം അനുഭവമാക്കുവാൻ കഴിയുകയില്ല.

എന്നാൽ കാണുക എന്നുള്ളതിന് നിസ്സാരമായ അർത്ഥമാണോ ഉള്ളത്. കേവലമായ ഒരു ദർശനമാണോ അതു കൊണ്ട് ഉദ്ദേശിക്കുന്നത്? ദൂതന്മാർ തിക്കും തിരക്കുമായി കാത്ത് നില്ക്കുമ്പോൾ മതാചാരപ്രകാരം പ്രത്യേക സമയത്ത് തിരശീലമാറ്റി സാധ്യമാകുന്ന ഒരു കാഴ്ചയാണോ കർത്താവിനെ കാണുക എന്നത്. അതിലെല്ലാം ഉപരി അനുഭവിച്ചറിയുക എന്നതാണ്.(ഫിലി. 3:10,11). ബാഹ്യ നയനങ്ങൾ സ്വീകരിച്ച ദൃശ്യത്തെക്കാളും ഉന്നതമായ ഒരു ദൃശ്യം ആന്തരീയ നയനങ്ങൾക്ക് സാധ്യമാകണം. എങ്കിലേ യഥാർത്ഥ സന്തോഷം അനുഭവമാകൂ. ഞങ്ങൾ കേട്ടതും കണ്ടതും തൊട്ടതും രുചിച്ചതും എന്നൊക്കെ ശിഷ്യന്മാർ പറയാൻ കാരണമായ അറിവ് ഇതാണ്.


യേശുവിന്റെ ക്രൂശീകരണത്തിന് ശേഷമുണ്ടായ സഭാ പീഡന പരമ്പരകളെ അതിജീവിക്കുവാൻ അവർക്ക് വഴിത്തുണയായത് കർത്താവിനെ അനുഭവിച്ച് അറിഞ്ഞതിന്റെ ഊർജ്ജമാണ്.തന്റെ വിശേഷ സമാധാനവും ശുശ്രൂഷക്കായുള്ള നിയോഗവും അധികാരവും പരിശുദ്ധാത്മ ശക്തിയുടെ അഭിഷേകവും ഒത്ത് ചേർന്ന് അനുഗ്രഹാശിസുകൾ അരവരുടെ മേൽ കോരിചൊരിയുകയും അതിന്റെ എല്ലാറ്റിന്റെയും പൂർണ്ണ പ്രാവണത്തിനായി അടച്ച മുറിയിൽനിന്ന് അവരെ പുറത്ത് കൊണ്ടുവന്ന് പകരം സെഹിയോൻ മാളിക മുറിയിൽ അവരെ അടച്ച് പെന്തക്കോസ്ത്നാൾ വന്നപ്പോൾ അവരുടെ മേൽ പെയ്തിറങ്ങിയ അത്യന്ത ശക്തി അവരെ നിറച്ചു, അവർ ഇരുന്ന വീട് നിറച്ചു. അന്നൊരിക്കൽ പേടിച്ച് വാതിലടച്ചിരുന്നവർ ഇപ്പോൾ മാളിക മുറിയുടെ വാതിൽ തുറന്ന് പുറത്ത് വന്നപ്പോൾ അവരെ കണ്ടവരും, കേട്ടവരും ഭയക്കുകയായിരുന്നു. അസാധാരണമായ വ്യക്തിത്വത്തിന് ഉടമയായവർക്ക് മുമ്പിൽ രോഗവും, ശാപവും, എല്ലാവിധ വ്യാധിയും, സാത്താന്യ ശക്തികളും അടിയറവ് വയ്ക്കുകയായിരുന്നു. ഭൂലോകത്തെ കീഴ്മേൽ മറിച്ചവർ എന്ന് വിശേഷിക്കപ്പെടുമാറ് ഉയർത്തപ്പെട്ടതിന്റെയെല്ലാം അടിസ്ഥാന കാരണം ഉയർത്തെഴുന്നേറ്റവനെ കണ്ടതിനാലാണ്. അതെ, കർത്താവിനെ കണ്ടതുകൊണ്ട് അവർ സന്തോഷിച്ചു.

> യഹൂദഗുരുക്കന്മാർ ഒരു തളികയിൽ തേൻ നിരത്തിയിട്ട് കുട്ടിയുടെ കൈ പിടിച്ച് ദൈവം ഏകൻ തന്നെ എന്ന് എഴുതിക്കുകയും അത് നാവുകൊണ്ട് രുചിക്കുവാൻ നൽകുകയും ചെയ്യുന്നു



ഏബ്രഹാം പാമ്പാടി
9847793308

**വി**ദ്യാരംഭം എങ്ങിനെ വേണം?
ഏതു കാര്യത്തിനും ഒരു നല്ല തുട
അനിവാര്യമാണ്. ഇന്ന് മാതാപിതാക്
കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് പ
കാലങ്ങളിൽ ഉണ്ടായിരുന്നതിനേക്ക
ഊന്നൽ നൽകിവരുന്നു. ഏറ്റവും മെ



# ആദ്യാക്ഷരം

പ്പെട്ട വിദ്യാഭ്യാസം നൽകി ജീവിത നിലവാരത്തിന്റെ ഉത്തുംഗത്തിൽ തങ്ങളുടെ മക്കളെ എത്തിക്കുവാനുള്ള വ്യഗ്രതയിൽ ഒരു മത്സരം തന്നെ ഇന്നു മാതാപിതാക്കളിൽ വർദ്ധമാനമായി കണ്ടുവരുന്നു. അതുകൊണ്ട് അവരുടെ വിദ്യാഭ്യാസത്തിനെന്നപോലെ വിദ്യാരംഭത്തിനും മാതാപിതാക്കൾ വളരെ പ്രാധാന്യം നൽകിവരുന്നു.

വിജയദശമിനാളിൽ അമ്പലങ്ങളിലും പള്ളികളിലും കലാലയങ്ങളിലും ആദ്യാക്ഷരം കുറിക്കുവാൻ വളരെ തിക്കും തിരക്കും കാണുന്നുണ്ട്. ഇസ്ലാം മതസ്ഥർ തങ്ങളുടെ കുട്ടികൾക്ക് മദ്രസകളിൽ ഖുറാൻ പഠനം ആദ്യമായി നൽകുന്നുവെന്നു മാത്രമല്ല, അത് നിർബന്ധവുമാണ്. യഹൂദന്മാർ തങ്ങളുടെ കുഞ്ഞുങ്ങൾക്ക് വിദ്യാരംഭം നൽകുന്നത്, " ദൈവം ഏകൻ തന്നെ " എന്ന ന്യായപ്രമാണ വാക്യം കുറിപ്പിച്ചു കൊണ്ടാണ്. യഹൂദഗുരുക്കന്മാർ ഒരു തളികയിൽ തേൻ നിരത്തിയിട്ട് കുട്ടിയുടെ കൈപിടിച്ച് ദൈവം ഏകൻ തന്നെ എന്ന് എഴുതിക്കുകയും അത് നാവുകൊണ്ട് രുചിക്കുവാൻ നൽകുകയും ചെയ്യുന്നു. ദൈവവചനം തേനിനേക്കാൾ, തേൻ കട്ടയേക്കാൾ മാധുര്യമേറിയത് എന്നു രേഖപ്പെടുത്തുവാനുള്ള ഒരുകാരണം അതാണ്. അതുമാത്രമല്ല, വിദ്യാഭ്യാസം ഭീതിതമായ എന്തെങ്കിലും എന്നതിനു പകരം മധുരതരമായത് എന്ന സന്ദേശവും കുട്ടിക്കു നൽകുന്നു.

വേർപെട്ട ദൈവജനവും തങ്ങളുടെ കുഞ്ഞുങ്ങൾക്ക് നല്ല വിദ്യാഭ്യാസം നൽകുവാൻ ആവോളം പരിശ്രമിക്കുന്നു. എന്നാൽ അത് എവിടെ തുടങ്ങണം, എങ്ങിനെ വേണം എന്ന് എത്തുംപിടിയുമില്ലാതെ തപ്പിത്തടയുന്നു. പലരും ഒളിച്ചും പാത്തും മറ്റുള്ള സമൂഹങ്ങളിൽ കൊണ്ടുപോയി വിജയദശമിനാളിൽ എഴുത്തിനിരുത്തുന്നു എന്നത് ഒരു പരസ്യമായ രഹസ്യമാണ്.

യഹൂദൻ ന്യായപ്രമാണ വാക്യത്തിലും മുസ്ലീങ്ങൾ മദ്രസയിൽ ഖുറാൻ പഠനത്തിലും ഹൈന്ദവർ സരസ്വതീ സന്നിധാനത്തിലും തങ്ങളുടെ കുഞ്ഞുങ്ങളെ ആദ്യാക്ഷരം എഴുതിപ്പിക്കുന്നു. വിശ്വാസികളുടെ കുട്ടികൾക്ക് അവരുടെ വേദപഠനശാലയായ സണ്ടേസ്ക്കൂൾ അതിന് വേദിയാക്കിക്കൂടേ. ആദ്യാക്ഷരം കുറിക്കുവാനുള്ള കുട്ടിയെ ഞായറാഴ്ച രാവിലെ സണ്ടേസ്ക്കൂളിൽ കൊണ്ടുവന്ന് പ്രാർത്ഥിച്ചും ഒരു വേദവാക്യം പറയിച്ചും എഴുതിച്ചുമൊക്കെ തുടങ്ങുന്നത്, ഒളിച്ചും പാത്തും എടിടെങ്കിലും കൊണ്ടു പോയി വിദ്യാരംഭം കുറിക്കുന്നതിലും നല്ലതല്ലേ. തിരുവചന പഠനത്തിന്റെ പ്രസക്തി കുഞ്ഞിനു മനസിലാക്കിക്കൊടുക്കുവാനും, " ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക" എന്ന മാതാപിതാക്കളോടുള്ള ആജ്ഞ അനുസരിക്കുവാനും സാധിക്കുമല്ലോ. ആദ്യാക്ഷരം മധുരതരമാകുവാൻ തേനിലോ പഞ്ചസാരയിലോ ഒക്കെ വേണമെങ്കിൽ എഴുതിക്കാം. ഇതിനും വിമർശകർ ഉണ്ടാകാമെങ്കിലും, ഒരു തുടക്കം ഇല്ലാതിരിക്കുന്നതിലും, മറ്റു മതാചാരങ്ങളിലേക്കു ഒളിച്ചു പോകുന്നതിലും, സണ്ടേസ്ക്കൂളിൽ പ്രാർത്ഥനയോടെ നമ്മുടെ കുഞ്ഞുങ്ങളുടെ വിദ്യാരംഭം – ആദ്യാക്ഷരം – കുറിക്കുന്നത് തന്നെയല്ലേ അഭികാമ്യം.

## ചുറ്റുവട്ടം



പി. എ. മത്തായി പുത്തൻകുളം
9744118772

# ഞായറാഴ്ചപ്പനി



**ലോ**കത്തുള്ള സകല ആളുകളും ചെറുതും വലുതുമായ ഓരോരോ രോഗങ്ങൾക്ക് കീഴ്പ്പെട്ടു കഴിന്നവരാണ്.അതിൽ കുബേര കുചേല വർണ്ണ വർഗ്ഗ വ്യത്യാസമില്ല. എല്ലാവരും കഴിഞ്ഞ നളുകളിൽ മാറാ രോഗങ്ങൾ എന്നും തീരാവ്യാധികൾ എന്നും മനുഷ്യൻ വിചാരിച്ചിരുന്ന പല രോഗങ്ങളും ആധുനിക വൈദ്യശാസ്ത്രം മരുന്നിലൂടെയും ശസ്ത്രക്രിയകളിലൂടെയും പരിഹാരംകണ്ടെത്തിക്കഴിഞ്ഞു. പ്രഷറും ഷുഗറും കോളസ്ട്രോളും അറ്റായ്ക്കും കൃൻസറും. എയ്ഡ്സുമെല്ലാം വൈദ്യശാസ്ത്രം കീഴടക്കിക്കഴിഞ്ഞിരിക്കുന്നു.ഏതുരോഗത്തേയും കണ്ടുപിടിക്കുവാനും പ്രതിവിധി നിർദ്ദേശിക്കുവാനും അതിനുള്ള സ്പെഷ്യലിസ്റ്റുകളും ഇന്ന് ധാരാളം.എങ്കിലും പരിഹാരം കാണാൻ കഴിയാത്ത പല രോഗങ്ങളും ഒരോ ദിവസവും മനുഷ്യർക്ക് വന്നു പെട്ടുകൊണ്ടിരിക്കുന്നുവെന്നുള്ളത് മറ്റൊരു യാഥാർത്യം.

എന്നാൽ ആത്മീയ ലോകത്തിലും ആത്മീയരായവരിലും കണ്ടെത്തിയിട്ടുള്ള പലരോങ്ങൾക്കും പൂർണ്ണമായ ഒരു പരിഹാരം കാണുവാൻ ആർക്കും ഇതുവരെ കഴിഞ്ഞിട്ടില്ല. ഇനി കഴിയുമെന്നു തോന്നുന്നില്ല. കാരണം ഇവയൊക്കെ"ജന്മനാ"ഉള്ള രോഗങ്ങൾ ആണ്.എന്നാൽ വിശ്വാസികളിൽ പലരിലും പെട്ടെന്ന് പിടിപെടുകയും പെട്ടെന്ന് വിട്ടുമാറുകയും ചെയ്യുന്ന ഒരു പ്രത്യേകതരം രോഗമാണ് ‘‘ഞായറാഴ്ചപ്പനി’’. വൈറൽപ്പനി, ഡെങ്കിപ്പനി, എലിപ്പനി, പക്ഷിപ്പനി മുതലായ പനികളിൽ നിന്നും വളരെ വ്യത്യസ്തമായ ഒരു രോഗമാണിത്. ഇതിന്റെ രോഗലക്ഷണങ്ങളോ, അസ്വസ്ഥതകളോ രോഗിയിൽ നേരത്തെ കാണപ്പെടുന്നില്ല. ഞായറാഴ്ച രാവിലെ ഒൻപത് മണിയാകുമ്പോൾ വർദ്ധിക്കുകയും മൂർദ്ധന്യാ അവസ്ഥയിൽ എത്തുകയും ഏകദേശം രണ്ടുമണിവരെ ടിയാളെ കീഴ്പ്പെടുത്തുകയും ചെയ്യുന്നു. അധികം സഹോദരന്മാരേയും ചുരുക്കം സഹോദരിമാരേയുമാണ് ഈ രോഗം പിടിപെടുക. രോഗി പെട്ടെന്ന് കട്ടിലിൽ കയറുന്നു, കിടക്കുന്നു രോഗത്തിന് പൂർണ്ണമായും കീഴടങ്ങുന്നു. ശനിയാഴ്ചവരെ വളരെ ഊർജ്ജസ്വലനായി ജോലിചെയ്യുകയും സന്തോഷവാനായി കാണപ്പെടുകയും ചെയ്തിരുന്ന ടിയാന് ഞായറാഴ്ച പെട്ടെന്ന് ഒരു മ്ലാനതയും ഒരു "മൂഡോഫും" വീട്ടിലുള്ളവർ പോലും തക്ക സമയത്താണ് ഈ രോഗത്തെക്കുറിച്ച് അറിയുന്നത്. സ്തോത്രകാഴ്ചക്കുള്ള പൈസയും മറ്റും വീട്ടുകാരെ ഏൽപ്പിച്ച് ടിയാൻ കിടക്കയിൽ പൂർണ്ണമായി അഭയം പ്രാപിക്കുന്നു.

പാവം സഹോദരിമാർ സഭാ യോഗത്തിന് പോവുകയും "സാക്ഷ്യത്തിൽകൂടി" എന്റെ പ്രിയപ്പെട്ടവൻ പനിയുടെ പ്രയാസത്താൽ വളരെ ഭാരപ്പെട്ട് കിടക്കയിൽ ആയിരിക്കുന്നുവെന്നും "പൂർണ്ണവിടുതലിനായി"കർതൃദാസന്റെയും സഭയുടെയും പ്രത്യേകാൽ പ്രാർത്ഥന അപേക്ഷിക്കുകയും ,ചെയ്തു കൊള്ളുന്നു" എന്നു പറയുമ്പോഴാണ് കർത്തൃ ദാസനും കൂട്ടു വിശ്വാസികളും ഈ വിവരം അറിയുന്നത്. ആരാധനയിലെ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ "പനിയാൽ ഭാരപ്പെടുന്ന പ്രിയ സഹോദരനെ ഓർത്ത്, പൂർണ്ണ വിടുതലും സൗഖ്യവും' ഈ സമയം തന്നെ കർത്താവ് നൽകേണ്ടതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. കർത്തൃദാസന്റെയും സഭയുടെയും ആത്മാർത്ഥമായ പ്രാർത്ഥന ആ നിമിഷം തന്നെ ടി രോഗിക്ക് പൂർണ്ണ വിടുതൽ നൽകി എന്ന് നമ്മുക്ക് വിശ്വാസിക്കാം. കാരണം സഭായോഗാനന്തരം ടി രോഗിയെ കാണുവാൻ കർത്തൃ ദാസനും സഭയും ആ ഭവനത്തിൽ ചെന്നപ്പോൾ "രോഗം എന്നല്ല രോഗിയേപ്പോലും" ആ ഭവനത്തിൽ കാണുകയില്ല. പ്രാർത്ഥനയുടെ പൂർണ്ണ വിടുതൽ, രോഗത്തിനും രോഗിക്കും. ദൈവത്തിനു സ്തോത്രം.

ഈ രോഗങ്ങൾ അപ്പോസ്തോലിക കാലം മുതൽ സഭയിൽ ഉണ്ടായിരുന്നവെന്നും പലരും ഈ രോഗത്തിന്റെ അടിമകൾ ആയിത്തീർന്നിട്ടുണ്ടെന്നും അപ്പോസ്തോലന്മാരുടെ വാക്കുകളിൽ നിന്നും നമുക്ക് മനസ്സിലാക്കാം. ഈ രോഗത്തിന് അന്ന് താൻ കുറിച്ച കുറിപ്പടിയാണ് ഇന്നും ഈ രോഗത്തിന് ഉതകുന്ന മരുന്ന്. നിങ്ങൾക്കും ഈ രോഗം ബാധിച്ചിട്ടുണ്ടെങ്കിൽ അഥവാ ബാധിക്കുവാൻ സാദ്ധ്യതയുണ്ടെങ്കിൽ ഈ മരുന്ന് കൃാപ്സൂളായോ, ടോണിക്കായോ, ഒറ്റമൂലിയായോ -രോഗിയുടെ സൗകര്യാർത്ഥം- എല്ലാ ദിവസവും രാത്രിയിൽ ആഹാരത്തിനുശേഷം പതിവായി ആറു ദിവസം(തിങ്കൾ - ശനി)സേവിച്ചാൽ ഈ രോഗത്തിന് ശമനവും പൂർണ്ണ വിടുതലും ലഭിക്കും. ഈ മരുന്ന് തുടച്ചയായി സേവിച്ചുകൊണ്ടിരുന്നാൽ രോഗലക്ഷണങ്ങൾ പോലും ഉണ്ടാകാതിക്കാൻ ഏറെ ഉപകരിക്കും. മരുന്നും കുറിപ്പടിയും ചുവടെ ചേർക്കുന്നു. ക്രിസ്ത്യാനികളായ എല്ലാ ഭവനങ്ങളിൽ നിന്നും ഈ മരുന്ന് ലഭ്യമാണ്.

എബ്രായർ.10:24,ചിലർ ചെയ്യുന്നത് പോലെ "നിങ്ങളുടെ സഭായോഗങ്ങളെ ഉപേക്ഷിക്കരുത്" വാങ്ങിക്കുക,സേവിക്കുക രോഗ ശമനം പൂർണ്ണ ഉറപ്പ്.

> **ഈ രോഗങ്ങൾ അപ്പോസ്തോലിക കാലം മുതൽ സഭയിൽ ഉണ്ടായിരുന്നവെന്നും പലരും ഈ രോഗത്തിന്റെ അടിമകൾ ആയിത്തീർന്നിട്ടുണ്ടെന്നും അപ്പോസ്തോലന്മാരുടെ വാക്കുകളിൽ നിന്നും നമുക്ക് മനസ്സിലാക്കാം**

# വന്ദിച്ചില്ലെങ്കിലും നിന്ദിയ്ക്കരുത്



സി.ജെ. ബേബി

> **ആരും ആരുടെ വാഹനമോ,പണമോ മൊബൈലോ ഒന്നും തന്നെ ഇവിടെ മറന്നു വെച്ചിട്ടു പോകില്ല. എന്നാൽ മറന്നുപോയ ബൈബിൾ ഓരോ ദിവസവും ഇവിടെ നിന്നും കിട്ടുന്നു. താനത് ഭദ്രമായി എടുത്ത് വയ്ക്കും.രസമതല്ല പിന്നീടാരും ആ ബൈബിൾ തിരഞ്ഞു വരാറില്ലത്രേ!!**

**ഈ** ആധുനിക കാലത്തിൽ ഹൈന്ദവരും, മുസ്ളിമുകളും സിക്കുകാരും തങ്ങളുടെ മതഗ്രന്ഥങ്ങൾ എപ്രകാരം പരിപാലിക്കുന്നു എന്നതു നാം ഒന്നു ചിന്തിക്കേണ്ടുന്നതാണ്, അല്ല കണ്ടുപഠിക്കേണ്ടതാണ്. അവരൊക്കെയും തങ്ങളുടെ മതഗ്രന്ഥങ്ങൾ ആരാധനാലയങ്ങളിലും ഭവനങ്ങളിലും വളരെ ഭക്തിയോടെ പരിപാലിക്കുന്നു, എന്തിനേറേ നാമധേയ ക്രിസ്ത്യാനികൾ പോലും വളരെ ഭക്തിയോടെ സൂക്ഷിക്കുന്നു. ഒരിക്കൽ ഒരു മുസ്ലീം തന്റെ ഭവനത്തിലിരുന്ന് ഖുറാൻ പാരായണം ചെയ്യുന്നത് കണ്ടു- ഒരു പീഠത്തിൽ വച്ചിരിക്കുന്ന തന്റെ മതഗ്രന്ഥത്തിൽ തുപ്പൽ വീഴാതെ ഒരു ഉറുമാൽകൊണ്ട് വായ് മൂടിക്കൊണ്ടാണ് അദ്ദേഹം വായിച്ചു കൊണ്ടിരുന്നത്. ഒരിക്കൽ ഞാൻ കാൽനടയാത്രയായി യാത്രചെയ്തുകൊണ്ടിരിക്കുമ്പോൾ സമീപത്തുനിന്നും മൈക്കിലൂടെ ഒരു അറിയിപ്പു കേട്ടു, "ഇവിടെ നടന്നതായ ഗ്രന്ഥപാരായണത്തിൽ ഒന്നാം സ്ഥാനം നൽകേണ്ടിയത് മിസ്റ്റർ.....എന്നയാൾക്കാണ്. എന്നാൽ ടിയാൻ തൽസമയം തന്റെ കാലിൽ ചെരുപ്പ് ധരിച്ചിരുന്നത് കൊണ്ട് അദ്ദേഹത്തെ അയോഗ്യനായി വിധിച്ചിരിക്കുന്നു."

മേൽപ്പറഞ്ഞ ഗ്രന്ഥങ്ങൾ ഏറ്റവും ശ്രേഷ്ഠമെന്നും കാണിപ്പാനോ സമർത്ഥിക്കാനോ അല്ല പ്രസ്തുത സംഭവങ്ങൾ എഴുതിയത് മറ്റാരും കാണിക്കാൻ ഭയപ്പെടുന്ന ചില പ്രവർത്തികളാണ് ഇന്ന് ദൈവജനങ്ങൾ എന്ന് അഭിമാനിക്കുന്നവർ വിശുദ്ധ വേദപുസ്തകത്തോട് ചെയ്യുന്നത്. വിശുദ്ധ ദൈവവചനത്തെപ്പറ്റി എബ്രായ ലേഖനക്കാരൻ പറയുന്നത്, "ദൈവത്തിന്റെ വചനം ജീവനും ചൈതന്യവും ഉള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയ പ്രാണനേയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കും വരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു"എബ്രായർ 4:12. ദൈവവചനത്തെപ്പറ്റിയുള്ള ശ്രേഷ്ഠമായ നിർവചനം. അനേകരെ ദോഷത്തിൽ നിന്നും,പാപത്തിൽനിനിനും വിടുവിച്ച് ഈ ലോകത്തിൽ മാന്യരും പരമാർത്ഥികളും ആക്കി സ്വർഗ്ഗ രാജ്യത്തിന് അവകാശികളാക്കി തീർത്ത ഈ വിശുദ്ധ പുസ്തകത്തെ നാം വിശുദ്ധിയോടു കൂടിയാണോ ഉപയോഗിക്കുന്ന്. നാം തിരുവചനത്തോട് അനാദരവ് കാണിക്കുന്നുണ്ടോ? ആത്മീയ കൂട്ടായ്മയിലും ഭവനങ്ങളിലും ഞാൻ ചെയ്യുന്ന പ്രവർത്തികൾ എത്ര നിന്ദ്യവും പരിഹാസ്യവുമാണ്.വേദപുസ്തകത്തോട് അനാദരവ് കാട്ടുന്ന ചില പ്രവർത്തികൾ പലതാണ്.

ഒരിക്കൽ വിശ്വാസിയായ ഒരു പിതാവ് ഇപ്രകാരം പറഞ്ഞു നമ്മുടെ ശരീരത്തിൽ ഏതു നേരത്തും ഏതു സമയത്തും വിയർപ്പും ആഴുക്കുമുള്ളൊരു ഭാഗം നമ്മുടെ കക്ഷമാണ്.ആ കക്ഷത്തിലാണ് അനേക വിശ്വാസികളും വിശുദ്ധ വേദപുസ്തകവും വെയ്ക്കുന്നത്.എത്ര മോശമായ പ്രവർത്തി എന്ന് നോക്കൂ. പണ്ടൊക്കെ ആലയത്തിലെ പായുടെ കഷണം വിശുദ്ധ വേദ പുസ്കത്തിൽ അടയാളമായി വയ്ക്കാറുണ്ടായിരുന്നു ഇന്നതു കുറഞ്ഞു വരുന്നുണ്ട് കാരണം തഴപ്പായ പ്ലാസ്റ്റിക്കിന് വഴിമാറി.

വിശുദ്ധ വേദപുസ്തകത്തെ ഏറ്റവും ദുർഗന്ധമുള്ളതായ തുപ്പൽ ഉപയോഗിച്ച് അശുദ്ധമാക്കാറുണ്ട് അതിന് വിശ്വാസിയെന്നോ ദൈവദാസൻ എന്നോ ഇല്ല.അബദ്ധവശാൽ സിറ്റൗട്ടിലോ,തിണ്ണയിലോ മുറ്റത്തോ ആരെങ്കിലും ഒന്നു തുപ്പിയാൽ ശകാരിക്കുന്ന ദൈവമക്കൾ പേപ്പർമറിക്കാൻ തുപ്പലിൽ ആശ്രയിക്കുന്നത് കാണുമ്പോൾ വളരെ ദുഃഖം തോന്നുന്നു. വേദപുസ്തകത്തിന്റെ പുറത്ത് അടിച്ചും മേശപ്പുറത്തേക്ക് എടുത്തിടും പ്രസംഗത്തിൻ കൊഴുപ്പേകാൻ ശ്രമിക്കുന്നരും ഇതൊക്കെ തെറ്റാണെന്നറിയാതെയോ അറിഞ്ഞുകൊണ്ടോ പ്രോത്സാഹിപ്പിക്കുന്ന വിശ്വാസികളും കുറവല്ല.

അനേക കൺവൻഷനുകൾ നടക്കുന്ന മൈതാനത്തോട് ചേർന്നുള്ള വിശ്വാസ ഭവനത്തിൽ ശുശ്രൂഷിക്കുന്ന ദൈവദാസന്റെ വാക്കുകൾ ശ്രദ്ധിക്കുക " ആരും ആരുടെ വാഹനമോ,പണമോ മൊബൈലോ ഒന്നും തന്നെ ഇവിടെ മറന്നു വെച്ചിട്ടു പോകില്ല. എന്നാൽ മറന്നുപോയ ബൈബിൾ ഒരോ ദിവസവും ഇവിടെ നിന്നും കിട്ടുന്നു. താനത് ഭദ്രമായി എടുത്ത് വയ്ക്കും.രസമതല്ല പിന്നീടാരും ആ ബൈബിൾ തിരഞ്ഞു വരാറില്ലത്രേ! വിലമതിക്കാൻ ആവാത്ത വേദപുസ്തകത്തേക്കാൾ മൊബൈൽ ഫോണിനും കാറിനും ഒന്നാം സ്ഥാനം.

നാം എങ്ങോട്ട്? നുമുക്ക് ഒരു പക്ഷെ സൗജന്യമായിപ്പോൾ കുറഞ്ഞ വിലയ്ക്കോ ലഭിച്ച വിശുദ്ധ വേദപുസ്തകം വിലയില്ലാത്തതല്ല. ജീവനും ചൈതന്യവും ഉള്ളതായ വചനത്തെ നാം ഏതുവിധം ആദരിക്കുന്നു ,ആചരിക്കുന്നു, അത് നമ്മെ ഇഹ ലോക വാസത്തിൽ കാക്കും, കൂടാതെ പരലോക വാസത്തിനു നമ്മെ ഒരുക്കും. ഉപവാസം പോലെ, പ്രാർത്ഥനപോലെ ആത്മീയ കൂട്ടായ്മപോലെ ബൈബിളിനെ സംരക്ഷിക്കാം വിശുദ്ധിയോടെ കാത്തു സൂക്ഷിക്കാം. നാം അതിനെ മലിനമാക്കരുത്, കാരണം അത് നമ്മുടെ കൈയ്യിലിരിക്കുന്നെങ്കിലും അതു ദൈവത്തിന്റേതാണ്.



Sneha vachanam news

# നബീൽ ഖുറേഷി യാത്രയായി

Sneha vachanam news



‘ ഒരു സംവാദത്തിൽ തങ്ങൾ ഏർപ്പെടുമ്പോൾ അത് സ്നേഹത്തിൽ നിന്നും മാത്രമേ ഉത്ഭവിക്കാവൂ! വീഡിയോ സന്ദേശത്തിലൂടെ ലോകം ശ്രവിച്ച നബീലിന്റെ അവസാന വാക്കുകളാണിവ... ’

ഹ്യൂസ്റ്റൺ:ഇസ്ലാം മതത്തിൽ നിന്നും ക്രീസ്തീയ വിശ്വാസം സ്വീകരിച്ച പ്രശസ്ത ക്രിസ്ത്യൻ അപ്പോളജിസ്റ്റും പ്രവാചകനും ന്യൂയോർക്ക് ടൈംസ് ബെസ്റ്റ് സെല്ലർ പട്ടികയിൽ ഇടം നേടിയ ഗ്രന്ഥകർത്താവുമായ ഡോ. നബീൽ ഖുറേഷി സെപ്റ്റംബർ 14ന് നിത്യതയിൽ പ്രവേശിച്ചു. ഡോ.നബീൽ രചിച്ച(അള്ളാഹുവിനെ അന്വേഷിച്ചു;യേശുവിനെ കണ്ടെത്തി)എന്ന പ്രശസ്തമായ ആത്മകഥാംശമുള്ള ഗ്രന്ഥം, ഇസ്ലാം മതത്തിൽ നിന്നും യേശുവി നെ രക്ഷിതാവായി സ്വീകരിക്കുന്ന അനേകായിരങ്ങളുടെ വഴികാട്ടിയാണ്. ഈസ്റ്റേൺ വിർജീനിയ മെഡിക്കൽ സ്കൂളിൽ നിന്നുള്ള എം. ഡി ബിരുദത്തിനു പുറമേ, ഓൾഡ് ഡൊമേനിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എ ബിരുദവും ,ബയോള യൂണിവേഴ്സിറ്റി,ഡ്യൂക്ക് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലെ ബിരുദാനന്ത ബിരുദങ്ങളും പ്രശസ്ത ഓക്സ് ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്നും തത്വശാസ്ത്രത്തിൽ മാസ്റ്റർ ബിരുദവും (എംഫിൽ)ഡോ.നബീൽ കരസ്ഥമാക്കിയിട്ടുണ്ട്. പാക്കിസ്ഥാനിലെ അഹമ്മദിയാ മുസ്ലീം സമൂഹത്തിലാണ് നബീൽ ജനിച്ച് വളർത്തപ്പെട്ടത്.അമേരിക്കയിൽ നേവിയിൽ സേവനം ചെയ്ത് പിതാവിനും കുടുംബത്തിനുമൊപ്പം വിർജീനിയയിൽ സ്ഥിരതാമസമാക്കുമ്പോൾ തന്നെ താൻ കടുത്ത ഇസ്ലാംമത വിശ്വാസ്യായിരുന്നു.ഇസ്ലാമിക്ക് അപ്പോളജടിക്സിൽ ശ്രദ്ധകേന്ദ്രീകരിച്ചിരുന്ന നബീൽ,ക്രിസ്തീയ താർക്കികന്മാരുമായി നിരന്തര വാദപ്രദിവാദങ്ങളിൽ ഏർപ്പെട്ടു പോന്നു. അങ്ങനെയുള്ള ഒരു യാത്രക്കിടയിൽ ഡേവിഡ്‌വുഡ് എന്ന സഹപാഠിയാണ് ആദ്യമായി തന്നെ ക്രിസ്തുവിലേക്ക് നയിക്കുന്നത്. ഇരുവരും ഒരു വർഷത്തോളം നീണ്ടുനിന്ന സംവാദങ്ങൾക്കൊടുവിൽ, ദമസ്ക്കോസിന്റെ പടിവാതിക്കൽ വച്ച് യേശുക്രിസ്തുവിനെ കണ്ടെത്തിയ പൗലോസിനെപ്പോലെ നബീൽ ഖുറേഷി ക്രസ്തുവിന്റെ സ്നേഹത്തിനു മുന്നിൽ ആയുധം വച്ചു കീഴടങ്ങി. ഡേവിഡ് വുഡുമായി ചേർന്ന് ഇസ്ലാമിക് പണ്ഡിതന്മാരുടെ ആരോപണങ്ങളുടെ മുനയൊടിച്ചും ഖുറാന്റെ ആധികാരികയ്ക്കെതിരെ ശക്തമായ അക്രമണങ്ങൾ അഴിച്ചുവിട്ടും അവർ മുന്നേറി. ലോക പ്രശസ്തങ്ങളായ ഓക്സ്ഫോർഡ്,കൊളംബിയ,ജോൺസ് ഹോപ്കിൻസ് തുടങ്ങിയ നൂറോളം യൂണിവേഴ്സിറ്റികളിലും ലോകത്തെ വി വിധ പട്ടണങ്ങളിലും അ നേകം പ്രശസ്ത പണ്ഡിതന്മാരുമായി നബീൽ സംവാദങ്ങളിൽ ഏർപ്പെട്ടു. അനേകം മുസ്ലീം മതസ്ഥരെ മാത്രമല്ല, ഇതവ വിഭാഗ ജനങ്ങളെയും ക്രിസ്തുവിലേക്ക് അടുപ്പിക്കുവാൻ പരിശുദ്ധാത്മാവ് തന്നെ ശക്തമായി ഉപയോഗിച്ചു.തീവ്രമുസ്ലീം നിലപാടുകൾ ഉള്ളവരിൽ നിന്നും വ്യാപകമായ എതിർപ്പുകൾ തനിക്ക് നേരിടേണ്ടി വന്നിട്ടുണ്ട്.

ക്രിസ്ത്യൻ അപ്പോളജിസ്റ്റുകൾക്കിടയിലെ വേറിട്ട ശംബ്ദമായ ഡോ.രവി സഖറിയാസിന്റെ മിനിസ്ട്രിയുമായി ചേർന്ന് തന്റെ അവസാന വർഷങ്ങളിൽ നബീൽ പ്രവർത്തിച്ചിരുന്നു. തത്വശാസ്ത്രത്തിൽ ഡോക്ടറൽ പഠനങ്ങൾ നടത്തുന്നതിനിടയിലാണ് നബീലിന്റെ ഉദരത്തിൽ ക്യാൻസർ കണ്ടെത്തുന്നത്.ഒരു വർഷത്തോളം അനുഭവിച്ച കടുത്ത വേദനയും,ചികിത്സയുടെ തീവ്രതയും തന്നെ ശാരീരികമായി ഏറെ തളർത്തി യെങ്കിലും താൻ രോഗക്കിടക്കയിൽ വെച്ച് തുടർച്ചയായി പുറത്തിറക്കിയ വീഡിയോ സന്ദേശങ്ങൾ അനേകരെ സ്വധീനിക്കുകയും അത് വേഗത്തിൽ വൈറൽ ആകുകയും ചെയ്തു.

ഇന്നും തന്റെ സന്ദേശങ്ങൾ അനേകർക്ക് ആശ്വാസവും പ്രചോദനവും നൽകുന്നുണ്ട്.നബീലിന്റെ അവസാനത്തെ വീഡിയോ സന്ദേശത്തിലും നിരയുന്നത് ദൈവസ്നേഹത്തിന്റെ വാക്കുകളാണ്. “ഒരു മുസ്ലീമോ, ഹിന്ദുവോ,ക്രിസ്യാനിയോ അങ്ങനെ ആരുമായിക്കൊള്ളട്ടെ, ഒരു സംവാദത്തിൽ തങ്ങൾ ഏർപ്പെടുമ്പോൾ അത് സ്നേഹത്തിൽ നിന്നും മാത്രമേ ഉത്ഭവിക്കാവൂ! വീഡിയോ സന്ദേശത്തിലൂടെ ലോകം ശ്ര വിച്ച നബീലിന്റെ അവസാന വാക്കുകളാണിവ. ഹ്യൂസ്റ്റണിലെ ഫസ്റ്റ് ബാപ്റ്റിസ്റ്റ് ചർച്ചിൽ ശവസംസ്കാരം നടന്നു ഡോ.രവി സഖരിയാസ് സന്ദേശം നൽകി.മിഷേലാണ് ഭാര്യ. മകൾ അയ. (കടപ്പാട്)

## ക്രിസ്തുമതം ഇന്ത്യൻ മതം; അൽഫോൺസ് കണ്ണന്താനം



തിരുവല്ല:ക്രൈസ്തവ സഭകൾ ഭാരതത്തിനു നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണെന്ന് കേന്ദ്രം ടൂറിസം മന്ത്രി അൽഫോൺസ് കണ്ണന്താനം പറഞ്ഞു.കേന്ദ്രമന്തിയായി സത്യപ്രതിജ്ഞ ചെയ്ത ശേഷം കേരളത്തിൽ സന്ദർശനം നടത്തുമ്പോഴാണ് അദേഹം ഈതുപറഞ്ഞത്.റോമിൻ ക്രിസ്തു മതം ഉണ്ടാകുന്നതിനു മുൻപ് ഇന്ത്യയിൽ സഭ സ്ഥാപിക്കപ്പെട്ടതാണ്.ആ നിലയ്ക്ക് ഇന്ത്യൻ മതങ്ങളിൽ ഒന്നായിവേണം ക്രിസ്തുമതത്തെ കണക്കാക്കേണ്ടത്.ക്രൈസ്തവ മിഷനറിമാരും സഭകളും ഭാരതത്തിന്റെ വിദ്യാഭ്യാസ,ആതുര സേവനരംഗത്ത് നൽൽകിയ സേവനങ്ങൾ വിലമതിക്കാനാവാത്തതാണ്.അദ്ദേഹം തുടർന്നു.കേരളത്തിലെ ക്രൈസ്തവസഭ നേതാക്കാളെ സന്ദർശിച്ച് അനുഗ്രഹം വാങ്ങിയ അദ്ധേഹം കേന്ദ്ര ഭരണത്തിൽ ക്രൈസ്തവ സമൂഹത്തിന്റെ പൂർണ്ണ പിന്തുണ മുൻകാലങ്ങളിലെ പോലെ പ്രതീക്ഷിക്കുന്നതായി പറഞ്ഞു.കേരളത്തിലെ കത്തോലിക്ക,ഏർത്തഡോക്സ്,മർത്തോമ്മാ,പെന്തെക്കോസ്തു സഭകളിലെ പ്രമുഖ നേതാക്കളുമായി അദ്ദേഹം സൗഹൃദ ചർച്ചകൾ നടത്തി.

## യൂപിസി മലപ്പുറം ജില്ലാ ഭാരവാഹികൾ




യൂണിവേഴ്സൽ പെന്തെക്കോസ്തൽ ചർച്ചസ് മലപ്പുറം ജില്ലാ ഭാരവാഹികൾ, റവ. സാംകുട്ടി നിലമ്പൂർ(ചെയർമാൻ), പാസ്റ്റർ ജോയി മാത്യു(ജനറൽ സെക്രട്ടറി), സുവി. പി.വി. മാത്യു(സ്റ്റെയ്റ്റ് പ്രസിഡന്റ്) എന്നിവർക്കൊപ്പം.

## പി ഡബ്ല്യു സി കോട്ടയം ജില്ലാ സമ്മേളനം




പെന്തെക്കോസ്തൽ വിമൻസ് ജില്ലാ സമ്മേളനം കോട്ടയത്ത് സെപ്റ്റംബർ 18ന് നടന്നു. സിസ്റ്റർ ലില്ലിക്കുട്ടി സാമുവേൽ സന്ദേശം നൽകി. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

### എന്റെ ജീവിതമാണ് എന്റെ സന്ദേശം..

അഹിംസയുടെ പാഠങ്ങൾ രാജ്യത്തിനു പകർന്നു കൊടുത്ത് ജീവിതം കൊണ്ട് ലോകത്തിനു മുഴുൻ മാതൃകയായ മഹാത്മാഗാന്ധിജിയുടെ ജന്മദിനം ഒക്ടോബർ 2.ഗാന്ധിജിയുടെ അഹിംസാ സന്ദേശത്തിനു ഇന്നത്തെ കാലഘട്ടത്തിൽ പ്രസക്തിയേറുന്നു.

# ലോകാവസാന പ്രവചനങ്ങൾ ആവർത്തിക്കപ്പെടുന്നു

ഒന്നാം പേജിൽ നിന്ന്....

യതിനാൽ നിബുറു വന്നില്ല എന്നായിരുന്നു പിന്നീടുണ്ടായ അവകാശവാദം.

സെപ്റ്റംബർ 23നു ലോകാവസാനം എന്ന പ്രവചനം പാളിപ്പോയത് കണക്ക്കൂട്ടിയതിൽ തെറ്റിപ്പോയതാണെന്നും ഒക്ടോബർ 21 ന് ലോകാവസാനിക്കുമെന്നും പുതിയ ലോകാവസാന പ്രവചനവുമായി ബൈബിൾ സംഖ്യ ശാസ്ത്രകാരൻ ഡേവിഡ് മീഡ് രംഗത്ത്. വെളിപ്പാട് പുസ്തകത്തിൽ പരാമർശിക്കുന്ന മഹാപീഡനകാലം ഒക്ടോബർ 21നു ആരംഭിക്കുമെന്നും ഏഴു വർഷം നീളുന്ന മാഹാ യുദ്ധത്തോടെ ലോകദുരിതങ്ങളിലൂടെ കടന്നു പോകുമെന്നും ഡേവിഡ് പറഞ്ഞതായി ഫോക്സ് ന്യൂസ്.അതേതുടർന്നാകും സഹസ്രാബ്ദ വാഴ്ചക്കാലം ആരംഭിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.ഒരു പത്താം ഗ്രഹത്തിൽ നിന്നും വീശിയടിക്കുന്ന അതിഭീകരമായ വായു പ്രകമ്പത്താൽ കടൽ ജലം ആകാശത്തോളം ഉയരുകയും ഭൂമിയുടെ അടിത്തട്ടുവരെ കീഴ്മെൽ മറിഞ്ഞ് ഭൂമിയിലെ സകല ജീവജാലങ്ങളും സസ്യങ്ങളും സെപ്റ്റംബർ 21നു നശിക്കുമെന്നായിരുന്നു ഡേവിഡ് പ്രവചിച്ചിരുന്നത്. നീബിറു എന്ന ഗ്രഹം ഭൂമിയുമായി കൂട്ടിമുട്ടി ലോകാവസാനം സംഭവിക്കുമെന്ന മറ്റൊരു പ്രവചനവും ഇതോടൊപ്പം പ്രചരിച്ചു.1979 മുതൽ നീബിറുവിനെ ഭൂമിയുടെ അന്തകനായി ചിത്രീകരിച്ചുകൊണ്ടുള്ള കഥകൾ പ്രചരിക്കുന്നുണ്ട്. നീബിറു എന്നൊരു ഗ്രഹം ഇല്ലെന്നും ഇത് ഇന്റർനെറ്റിലെ തട്ടിപ്പുമാത്രമാണെന്നും നാസ വ്യക്തമക്കി.ലോകാവസാനം സംബന്ധിച്ച് എല്ലാക്കാലവും വ്യാചപ്രവചനങ്ങൾ പ്രചരിച്ചിട്ടുണ്ട്.വേദപുസ്തകം ലോകാവസാനത്തെക്കുറിച്ച് വ്യക്തമാക്കുന്നുണ്ടെങ്കിലും ദിവസം പറയുന്നില്ല.അന്ന് ആകാശംകൊടും മുഴക്കത്തോടെ ഒഴിഞ്ഞുപോകും.മൂലപദാർത്ഥങ്ങൾ കത്തിയഴിയുകയും ഭൂമിയും അതിലുള്ള പണികളും വെന്തു പോകുകയും.

എന്നാൽ ഇത്തരം തെറ്റായ പ്രവചനങ്ങളെയും അവകാശ വാദങ്ങളെയും വിശ്വാസികൾ ജാഗ്രത പാലിക്കണം.





വിവാഹ പരസ്യം ടെലിഫോൺ വഴിയും നൽകാവുന്നതാണ്

500 രൂപ മാത്രം

9656571354, 9847866473


## വിവാഹം


പെന്തെക്കോസ്ത് യുവാവ് (36,5/3), ആയുർവേദ ഹോസ്പിറ്റൽ നടത്തുന്നു(മുംബൈ) അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽനിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.(ജോലിയുള്ളവർക്കു മുൻഗണനന). 9496496493, 8850323403

Keralite Ezhava, born again parents settled in Jammu-Kasmir invite proposal for their son 28yrs.,6" steward in a company,born and brought up in North India,from the parents of God fearing born again girls with higher education. Preference will be given to North india settled Keralite family.


**Contact. 09619740560,09387924122**

സാംബവ പെന്തെക്കോസ്തു സഹോദരി(50/149, ആദ്യവിവാഹം) ഗവ. ജോലി. അനുയോജ്യമായ ആലോചനകൾ ക്ഷണിച്ചു കൊള്ളു 9446862213,9497145696.

Keralite born again parents settled in Haryana invite proposal for their son 26yrs.,5'8" MBA working in a multinational company,born and brought up in North India,from the parents of God fearing born again girls with higher education. Preference will be given to North india settled Keralite family.
**Contact.Bro.P.R.Nath,. 09416030683**



REHOBOTH INSTITUTIONS
Bangalore
SHEKHAR COLLAGE OF NURSING
REHOBOTH INSTITUTE OF NURSING
GNM (Nursing) 3 yrs
B.Sc (Nursing) 4 yrs
PB.Bs.c (Nursing) 2 yrs
M.Sc (Nursing) 2 yrs
Seperate Hostel for Boys and Girls
North Indian and South Indian Foods
Qualified and Dedicated Teaching Staff
100% Placement within India and
Assistance to Abroad
Loan assistance
CONTACT
+91-9448020269,+91-9036813816
080-65-777-111
No.44/1, Tawakkal Building, Hennur- Bagalur Main Road, Bengaluru-562149
Web: www.Rehobothinstitutions.com
E-mail: info@Rehobothinstitutions.com

ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും
ഐ.പി.സി വർഷിപ്പ് സെന്റർ,
മൂക്കനൊാംശ്ശേരി ബിൽഡിംഗ്
ചെറുകുന്നം
Sneha vachanam news
നിങ്ങളുടെ എല്ലാ വിഷ
യങ്ങൾക്കായും
ഞങ്ങൾ പ്രാർത്ഥി
ക്കുന്നു
ആരാധന സമയം: ഞയർ: 10 am – 01.pm
വെള്ളിയാഴ്ച പ്രാർത്ഥന: 10 am – 01.pm
ഫോൺ. 9947861656,
പാസ്റ്റർ പോൾ സുരേന്ദ്രൻ
ശുശ്രൂഷകൾക്ക് നേതൃത്വം
നൽകുന്നു




പി.പി.എ കളരി മർമ്മ ചികിത്സാലയം
ചേലാട് സ്റ്റേറ്റ് ബാങ്കിനു സമീപം
കോതമംഗലം
വിട്ടു മാറാത്ത നടുവേദന,
നട്ടെല്ലിന്റെ അകൽച്ച,
നട്ടെല്ലിനുണ്ടാകുന്ന തേയ്മാനം,
തളർ വാതം, ഒടിവ് ,ഉളുക്ക്,ചതവ്,
തുടങ്ങിയവയ്ക്കുള്ള പ്രത്യേക ചികിത്സകൾ
വൈദ്യൻ
പി.പി. ആന്റണി
Phone.9496492843,9961352670,9947694764